بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

ലക്കം 37

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

**2023 സെപ്റ്റംബർ 14/ ഹി.ശം 1402 തബൂക്ക് 14/ ഹി:ഖ 1445 സഫർ 27**

## അല്ലാഹുവിന്റെ വചനം

وَلَقَدۡ صَرَّفۡنَا لِلنَّاسِ
فِیۡ ہٰذَا الۡقُرۡاٰنِ مِنۡ کُلِّ مَثَلٍ ۫
فَاَبٰۤی اَکۡثَرُ النَّاسِ اِلَّا کُفُوۡرًا

(بنی اسرائیل:90)

തീർച്ചയായും മനുഷ്യർക്കുവേണ്ടി ഈ ഖുർആനിൽ എല്ലാ ഉപമകളും പല വിധത്തിലും നാം വിശദീകരിച്ചിട്ടുണ്ട്. പക്ഷേ, മനുഷ്യരിൽ അധികമാളുകളും അവിശ്വാസമൊഴിച്ച് മറ്റെല്ലാം വിസമ്മതിക്കുകയാണുണ്ടായത്.
(വിശുദ്ധ ഖുർആൻ 17:90)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### മനുഷ്യരുടെ കുറ്റങ്ങൾ മറച്ചുവെക്കുക; മനുഷ്യരുടെ തെറ്റുകളും

(2441)ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)പറഞ്ഞു:നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടു. അല്ലാഹു പരലോകത്തുവച്ച് സത്യവിശ്വാസിയെ തന്നോടടുപ്പിക്കും. അവനെ അല്ലാഹു ഒരു മറക്കുള്ളിലാക്കും. ശേഷം അവനോടു ചോദിക്കും, നീ ചെയ്ത ഇന്നിന്ന കുറ്റങ്ങൾ നിനക്കോർമയുണ്ടോ? അവൻ പറയും: രക്ഷിതാവേ! എനിക്കോർമയുണ്ട്. അങ്ങനെ തന്റെ കുറ്റങ്ങളെല്ലാം അവനേറ്റുപറയുകയും താൻ നശിച്ചുവെന്ന് അവന് തോന്നിക്കഴിയുകയും ചെയ്യുമ്പോൾ അല്ലാഹു പറയും: മുൻലോകത്തുവച്ച് നിന്റെ കുറ്റങ്ങളെ ഞാൻ മറച്ചുവെച്ചിരുന്നു. ഇന്ന് ആ കുറ്റങ്ങളെ ഞാൻ നിനക്ക് മാപ്പു ചെയ്തുതന്നിരിക്കുന്നു. എന്നിട്ട് അവന്റെ നന്മൾ രേഖപ്പെടുത്തിയ ഏട് അവന് നല്കും. സത്യനിഷേധിയും കപടവിശ്വാസിയുമാകട്ടെ അവർക്കെതിരിൽ സാക്ഷികൾ വിളിച്ചുപറയും: തങ്ങളുടെ നാഥനെ നിഷേധിച്ചവർ ഇവരാണ്. അക്രമികൾക്ക് അല്ലാഹുവിന്റെ ശാപം അനുഭവപ്പെടട്ടെ. (സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽമളാലിം, പ്രസാധനം 2008 ഖാദിയാൻ)

### നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

### ഈ ലക്കത്തിൽ

ജുമുഅ ഖുത്‌ബ 2023 ആഗസ്റ്റ് 11 (സമ്പൂർണ തർജമ)

ഓൺലൈൻ കൂടിക്കാഴ്ച ഹുദൂർ അയ്യദഹുല്ലാഹ്

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

എന്റെ അഭിപ്രായമിതാണ്, ദുആയിൽ ശത്രുക്കളെപ്പോലും പുറത്തു നിറുത്തരുത്. എത്രത്തോളം ദുആ വിശാലമാകുമോ അത്രത്തോളം ദുആ ചെയ്യുന്നവന് ഫലമുണ്ടാകും. എത്രത്തോളം ദുആയിൽ പിശുക്കുകാണിക്കുമോ അത്രത്തോളം അല്ലാഹുവിന്റെ സാമീപ്യത്തിൽനിന്ന് അകലത്തായിപ്പോകുന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഓർമിച്ചുകൊള്ളുവിൻ!സഹതാപം മൂന്നു തരമുണ്ട്. ഒന്നാമത്തേത് ശാരീരികം. രണ്ടാമത്തേത് സാമ്പത്തികം. മൂന്നാമത്തേത് സഹതാപത്തിന്റെ ദുആ. ഇതിൽ ചെലവൊന്നുമുണ്ടാകുന്നില്ല. ശക്തി ചെലുത്തേണ്ടിയും വരുന്നില്ല. ഇതിന്റെ അനുഗ്രഹം വളരെ വിശാലവുമാണ്. ശാരീരികമായ സഹതാപം മനുഷ്യന് ചെയ്യാൻ കഴിയുന്നതുതന്നെ അതിൽ ശക്തിയുമുണ്ടാകുമ്പോഴാണ്. ഉദാഹരണത്തിന് ദുർബലനായ മിസ്കീൻ മുറിവേറ്റ് എവിടെയെങ്കിലും കിടന്ന് പിടയ്ക്കുമ്പോൾ ശക്തിയില്ലെങ്കിൽ അവനെ എങ്ങനെ പൊക്കിയെടുത്ത് സഹായിക്കാനാണ്. ഇപ്രകാരം നിസ്സഹായനും നിരാലംബനനും ആരോരുമില്ലാത്തവനുമായ മനഷ്യൻ വിശപ്പുകൊണ്ടു വലയുമ്പോൾ കൈയിൽ പണമില്ലാത്തിടത്തോളം അവനോടു സഹതാപത്തോടെ പെരുമാറുന്നതെങ്ങനെ? എന്നാൽ, ദുആയോടൊപ്പമുള്ള സഹതാപം എങ്ങനെയുള്ള സഹതാപമാണെന്നാൽ അതിന് ഏതെങ്കിലും പണത്തിന്റെ ആവശ്യമില്ല. ഏതെങ്കിലും ശക്തിയുടെ ആവശ്യവുമില്ല. എന്നല്ല മനുഷ്യൻ മനുഷ്യനായിരിക്കുവോളം അവന് മറ്റുള്ളവർക്കുവേണ്ടി ദുആ ചെയ്യാൻ കഴിയും. അവന് ഫലമെത്തിക്കാൻ കഴിയും. ഈ സഹതാപത്തിന്റെ സമൃദ്ധി വളരെ വിശാലമാണ്. ഈ സഹതാപം കൊണ്ട് മനുഷ്യൻ പ്രവർത്തിക്കുന്നില്ലെങ്കിൽ അവനേറ്റവും വലിയ ദൗർഭാഗ്യനാണെന്ന് മനസ്സിലാക്കിക്കൊള്ളട്ടെ.

സാമ്പത്തികവും ശാരീരികവുമായ സഹതാപത്തിൽ മനുഷ്യൻ നിർബന്ധിതനാകുകയാണ്. എന്നാൽ, ദുആയോടൊപ്പമുള്ള സഹതാപത്തിൽ നിർബന്ധിതനാകുന്നില്ല. എന്റെ അഭിപ്രായമിതാണ്, ദുആയിൽ ശത്രുക്കളെപ്പോലും പുറത്തു നിറുത്തരുത്. എത്രത്തോളം ദുആ വിശാലമാകുമോ അത്രത്തോളം ദുആ ചെയ്യുന്നവന് ഫലമുണ്ടാകും. എത്രത്തോളം ദുആയിൽ പിശുക്കുകാണിക്കുമോ അത്രത്തോളം അല്ലാഹുവിന്റെ സാമീപ്യത്തിൽനിന്ന് അകലത്തായിപ്പോകുന്നതാണ്. യാഥാർഥ്യമെന്താണെന്നാൽ അല്ലാഹുവിന്റെ വിശാലമായ ദാനത്തെ ആരാണോ പരിമിതപ്പെടുത്തുന്നത് അവന്റെ ഈമാനും ദുർബലമാണ്.
(മൽഫൂദാത്ത് വാല്യം 1, പേജ് 479, പ്രസാധനം 2018 ഖാദിയാൻ)

അവർ നിന്നോടു ആത്മാവിനെ സംബന്ധിച്ച് ചോദിക്കുന്നു- یَسۡـَٔلُوۡنَکَ عَنِ الرُّوۡحِ

ഈ ആത്മാവ്, അതെന്തു വസ്തുവാണെന്ന് ചോദിക്കപ്പെട്ടു. ചിലർ ഇതുകൊണ്ടുള്ള ഉദ്ദേശ്യം ജിബ്‌രീലാണെന്ന് പറഞ്ഞിരിക്കുന്നു. ചിലർ ഇതുകൊണ്ടുള്ള ഉദ്ദേശ്യം വിശുദ്ധ ഖുർആനാണെന്ന് പറഞ്ഞിരിക്കുന്നു. ചിലർ മലക്കാണെന്ന് പറഞ്ഞിരിക്കുന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)ഇവിടെ റൂഹിന്റെ അർഥം ദൈവിക ഗ്രന്ഥമെന്നാണ് ചെയ്യാറുണ്ടായിരുന്നത്. ഈ അർഥം മുകളിൽപറഞ്ഞ എല്ലാ അർഥങ്ങളെക്കാളും മികച്ചതാണ്. കൂടുതൽ ശരിയുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്ലവണ്ണം വ്യക്തമാക്കിക്കൊണ്ട് ഈ ആയത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അർഥം മനുഷ്യന്റെ ആത്മാവ് എന്നുതന്നെയാണ്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ ബനീ ഇസ്റാഈലിലെ 86-ാമത്തെ വചനമായ വ യസ്അലൂനക്ക അനിർറൂഹി ഖുലിർറൂഹു മിൻ അംരി റബ്ബീ വമാ ഊത്തീത്തും മ്മിനൽഇൽമി ഇല്ലാ ഖലീലൻ അവർ നിന്നോടു ആത്മാവിനെ സംബന്ധിച്ച് ചോദിക്കുന്നു. പറയുക, ആത്മാവ് എന്റെ നാഥന്റെ ആജ്ഞാനുസരണമുള്ളതാണ്. (തൽസംബന്ധമായ) അറിവിൽനിന്ന് കുറഞ്ഞതല്ലാതെ നിങ്ങൾക്ക് നല്കപ്പെട്ടിട്ടില്ല.)എന്നതിനെഴുതിയ തഫ്സീറിൽ പറയുന്നു:

ഈ ആത്മാവ്, അതെന്തു വസ്തുവാണെന്ന് ചോദിക്കപ്പെട്ടു. ഖുർആൻ വ്യാഖ്യാതാക്കൾ അതിന് പല വ്യാഖ്യാനങ്ങളും നല്കിയിരിക്കുന്നു. ചിലർ ഇതുകൊണ്ടുള്ള ഉദ്ദേശ്യം ജിബ്‌രീലാണെന്ന് പറഞ്ഞിരിക്കുന്നു. ചിലർ ഇതുകൊണ്ടുള്ള ഉദ്ദേശ്യം വിശുദ്ധ ഖുർആനാണെന്ന് പറഞ്ഞിരിക്കുന്നു. കാരണം ഇതിനുമുമ്പേയും ശേഷവും വിശുദ്ധ ഖുർആനിനെക്കുറിച്ചാണ് പറയുന്നത്(ബഹ്റെ മുഹീത്). ലോകത്തിന്റെ സൃഷ്ടിപ്പിന്റെ ചുമതലയുള്ള മലക്കാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്ന് ചിലർ പറഞ്ഞിരിക്കുന്നു. എല്ലാ മലക്കുകളേയും റൂഹ് എന്ന് പറയുമെന്ന് ചിലർ പറഞ്ഞിരിക്കുന്നു. ചിലരുടെ അഭിപ്രായത്തിൽ തന്നെ സ്തുതിക്കുന്നതിനുവേണ്ടിമാത്രം അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഒരു പ്രത്യേക മലക്കാണിത്. ചിലർ ഈ നിവേദനത്തെ സ്വഹാബ രിള്‌വാനുല്ലാഹി അലയ്ഹിംവരെ എത്തിച്ചിട്ടുണ്ട്. അദ്ദേഹ

(ശേഷം പേജ് 10ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അവസാനത്തെ ന്യായപ്രമാണ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ഓതുന്നതും കേൾക്കുന്നതുംപോലും പാക്കിസ്താനിൽ അഹ്മദികൾക്ക് വിലക്കാണ്. വലിയ കുറ്റവുമാണ്. ഈ ഗ്രന്ഥം മുഖേനതന്നെയാണ് അഹ്മദിയ്യ ജമാഅത്ത് ലോകത്ത് മാറ്റങ്ങൾ വരുത്തുന്നതും.**

**ജമാഅത്തിന്നെതിരിൽ വ്യാജമായ പ്രൊപ്പഗണ്ടകളാണ് നടക്കുന്നതെന്ന് ഇന്ന് എനിക്ക് ദൃഢബോധ്യമായി. എപ്പോഴും ദൈവികജമാഅത്തിന്നെതിരിൽ വ്യാജാരോപണങ്ങൾ ഉന്നയിക്കപ്പെടാറുണ്ട്. (ഇമാം തമാനെ)**

**നമ്മുടെ എതിരാളികൾ പാക്കിസ്താനിലുള്ളവരാണെങ്കിലും കേവലം എതിർക്കാൻവേണ്ടി എതിർപ്പു പ്രകടിപ്പിക്കരുത്. പ്രത്യുത ഞങ്ങളുടെ അധ്യാപനങ്ങൾ കേൾക്കുകയും മനസ്സിലാക്കുകയും അതിനുശേഷം ആക്ഷേപങ്ങളുന്നയിക്കുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദും(അ)ഇതുതന്നെയാണ് പറഞ്ഞത്. നിങ്ങൾ വെറുതെ എതിർക്കരുത്. ഞാൻ പറയുന്നത് ആദ്യം കേൾക്കുവിൻ!**

**(പാക്കിസ്താനിലെ എതിരാളികൾ)എല്ലാ നിലയ്ക്കും ഏതെങ്കിലും വിധത്തിൽ നഷ്ടമുണ്ടാക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നു. എന്നാൽ, ഇൻശാഅല്ലാഹ് ഒരു ദിവസം ഇവർ സ്വയം നശിച്ചൊടുങ്ങുന്നതാണ്.**

**ഇന്ന് അഹ്മദിയ്യ ജമാഅത്തു മാത്രമാണ് വിശുദ്ധ ഖുർആനിന്റെ സ്ഥാനമാഹാത്മ്യം ഉയർത്താനും അതിന്റെ യഥാർഥ അധ്യാപനങ്ങൾ പറഞ്ഞുകൊടുക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.**

**ഞാൻ നീണ്ടകാലമായി നിരവധി മതങ്ങളെക്കുറിച്ച് പൂർണമായും വിശകലനം ചെയ്തിട്ടുണ്ട്. എന്നാലിപ്പോൾ അഹ്മദിയ്യ ജമാഅത്ത് മാത്രമാണ് എല്ലാ പ്രശ്നങ്ങൾക്കും പ്രതിവിധി നല്കുന്നതെന്ന് എനിക്കു ബോധ്യമായി. അതെന്റെ മനസ്സിനും ബുദ്ധിക്കും സമാധാനം നല്കുന്നു. എനിക്കിവിടെ ആത്മീയത അനുഭവപ്പെടുന്നു. (ചെക് റിപ്പബ്ലിക്കിലെ ഒരു യുവാവ്)**

**ലോകത്തിലെ വിവിധ രാജ്യങ്ങളിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഇങ്ങനെ പെരുമാറുന്നതായി നാം കാണുന്നു. അദ്ദേഹമാണ് നമുക്ക് യഥാർഥ ഇസ്ലാമികാധ്യാപനം നല്കിയത്. അഹ്മദിയ്യ ജമാഅത്തിന്റെ സത്യതയ്ക്കുള്ള ഏറ്റവും വലിയ തെളിവാണിത്. ഈ സംഭവങ്ങളും ഇക്കാര്യങ്ങളും ദൈവകൃപയാൽ ജനങ്ങളുടെ ഈമാനിനെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു ലോകത്തിന്റെ കണ്ണുകളും തുറക്കുമാറാകട്ടെ. അവർക്ക് ഈമാനും യഖീനും സ്വീകരിക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.**

**അഹ്മദിയ്യ ജമാഅത്തിനുമേൽ മഴപോലെ വർഷിക്കുന്ന ദൈവസഹായങ്ങളുടേയും അനുഗ്രഹങ്ങളുടേയും ഈമാൻവർധിപ്പിക്കുന്ന സംഭവങ്ങളുടെ മനസ്സിൽത്തട്ടുന്ന വിവരണം**

**കോവിഡിനെതിരെ ജാഗ്രതപാലിക്കാൻ ഉപദേശം**

**പീർ ളിയാഉദ്ദീൻ സാഹിബിന്റെ ഭാര്യ അമത്തുൽ ഹാദി സാഹിബ, നാഇബ് വക്കീൽ സംയീ വ ബസ്രി തഹ്രീക്കെ ജദീദ് ഥാഖിബ് കാംറാൻ സാഹിബ്, അദ്ദേഹത്തിന്റെ മകൻ ആരിബ് കാംറാൻ, പ്രൊഫസ്സർ ഡോക്ടർ മുഹമ്മദ് ഇസ്ഹാഖ് ദാവൂദ് സാഹിബ് ഓഫ് ബെനിൻ തുടങ്ങിയവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2023 ആഗസ്റ്റ് 11/1402 ളുഹൂർ 11**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്, യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹുവിന്റെ അനുഗ്രഹം അവന്റെ വാഗ്ദാനമനുസരിച്ച് നബി(സ)തിരുമേനിയുടെ സത്യദാസന്റെ ജമാഅത്തിനുമേൽ എല്ലാ വർഷവും വർഷിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ വിവരം ജൽസയുടെ റിപ്പോർട്ടുകളിലുണ്ടാകുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ അതെല്ലാം വിവരിക്കുക അസംഭാവ്യമാണെന്ന് അവിടെ ഞാൻ പറഞ്ഞിരുന്നതാണ്. എങ്ങനെയാണ് അല്ലാഹു അനുഗ്രഹിക്കുന്നത്? എങ്ങനെയാണ് ജനങ്ങളുടെ ഹൃദയങ്ങൾ ജമാഅത്തിനുവേണ്ടി തുറക്കുന്നത്? എങ്ങനെയാണ് അവൻ വിശ്വാസം സുദൃഢമാക്കുന്നത്? എങ്ങനെയാണ് ശത്രുക്കളെ പരാജയപ്പെടുത്തുന്നത്? തുടങ്ങിയവ സംബന്ധിച്ച് നിരവധി സംഭവങ്ങൾ ആളുകൾ എഴുതിക്കൊണ്ടിരിക്കുന്നു. അവയിൽ ചിലത് ഇന്ന് ഞാൻ വിവരിക്കുന്നതാണ്. കാരണം ഈ സംഭവങ്ങൾ ഒത്തിരി അഹ്മദികളുടെ മനസ്സുകളിൽ വിശ്വാസവർധനയ്ക്കും നിമിത്തമായിത്തീരുന്നു.

അല്ലാഹു എങ്ങനെയാണ് വിവിധ മാർഗങ്ങളിലൂടെ ശുദ്ധപ്രകൃതരായ ആളുകളെ ജമാഅത്തിൽ കൊണ്ടുവരുന്നത്? പുതിയ ജമാഅത്തുകൾ സ്ഥാപിതമാകുന്നത്? നമ്മുടെ എഫ്. എം. റേഡിയോ നിലയ മുള്ള കോംഗോ കിൻഷാസയിലെ നമ്മുടെ ലോക്കൽ മിഷണറി ഹമീദ് സാഹിബ് എഴുതുന്നു: ഉവയ്റ പട്ടണത്തിൽ നമ്മുടെ റേഡിയോ പരിപാടി കേട്ട് ലോക്കൽഇമാം ഈസാ സാഹിബ് നമ്മളുമായി ബന്ധപ്പെട്ടു. തുടർന്ന് മിഷൻഹൗസിലെത്തിയ അദ്ദേഹം ജമാഅത്തിന്റെ സന്ദേശം മനസ്സിലാക്കുകയും ബയ്അത്ത് ചെയ്യുകയുമുണ്ടായി. ബയ്അത്ത് ചെയ്യുക മാത്രമല്ല പ്രത്യുത തന്റെ സ്വന്തം ഗ്രാമമായ കിലിബ ഉൻദേസിയിൽപോയി തബ്ലീഗും ആരംഭിച്ചു. അദ്ദേഹത്തിന്റെ തബ്ലീഗിന്റെ ഫലമായി 24 പേർ അഹ്മദിയ്യത്തിൽ പ്രവേശിച്ചു. നമ്മുടെ കേന്ദ്രമുബല്ലിഗ് അവിടെ പര്യടനം നടത്തിയപ്പോൾ വീണ്ടും 8 പേർ ബയ്അത്തു ചെയ്തു. അങ്ങനെ അവിടെ ജമാഅത്ത് സ്ഥാപിതമായി. ഒരു ഭാഗത്ത് ശുദ്ധപ്രകൃതനായ ഇമാമിന് സന്ദേശം കേട്ടപ്പോൾത്തന്നെ അതു മനസ്സിലാക്കാൻ അല്ലാഹു തൗഫീഖ് നല്കി. മറുഭാഗത്ത് പാക്കിസ്താനിലെ ഉലമാക്ക് എതിർക്കുക എന്നതല്ലാതെ മറ്റൊന്നും അറിയികയുമില്ല.

കോംഗോ കിൻഷാസയിലെ സംസ്ഥാനമായ മായ്ഡോംബെയിലെ ഒരു ഗ്രാമത്തിൽ മുഅല്ലിം സാഹിബിനെ തബ്ലീഗിനുവേണ്ടി അയച്ചിരുന്നു. വഹാബി മുസ്ലിമീങ്ങളുടെ ഒരു മസ്ജിദിലും അദ്ദേഹം പോകുകയുണ്ടായി. ആളുകൾക്കിടയിൽ നോട്ടീസ് വിതരണം ചെയ്തു. എന്നാൽ, ചില ദ്രോഹികളായ ചെറുപ്പക്കാർ മസ്ജിദിന് പറുത്തുവന്ന് ബഹളം വെക്കാനും കല്ലെറിയാനും തുടങ്ങി. ഇപ്പോൾ എതിരാളികൾ പറയുന്നത് ആഫ്രിക്കയിൽ വിദ്യഭ്യാസമില്ലാത്തവരാണ് അതുകൊണ്ടാണ് നിങ്ങൾ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതെന്നാണ്! അവിടേയും എതിർപ്പുണ്ട്. മുഅല്ലിം സാഹിബ് കല്ലേറിൽനിന്ന് രക്ഷപ്പെട്ട് ആളുകൾക്കിടയിൽ നോട്ടീസ് വിതരണം ചെയ്തുകൊണ്ടിരുന്നു. നമ്മുടെ ആളുകളുടെ ക്ഷമയും സഹിഷ്ണുതയും ജനങ്ങൾ കണ്ടപ്പോൾ അവർ അവരിൽ പ്രഭാവിതരായി. അപ്പോൾ അവിടെനിന്ന് പുറത്തുപോയിരുന്ന ആളുകൾ ഇക്കാരണം കൊണ്ടുതന്നെ മസ്ജിദിൽ വീണ്ടുമെത്തി. ഇവർ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. ജമാഅത്തിനെ പറ്റി ചോദിക്കുകയും ആക്ഷേപങ്ങളുന്നയിക്കുകയും ചെയ്തു. ചോദ്യങ്ങൾക്ക് മറുപടി നല്കി. വാചാലാനായി സംസാരിച്ചിരുന്ന ദ്രോഹിയായ ഒരു യുവാവ് പറഞ്ഞു:‘നിങ്ങൾ ലണ്ടനിൽപോയി ഹജ്ജ് ചെയ്യുന്നവരാണ്. എന്നാൽ, നബി(സ)തിരുമേനി എല്ലാ ഹജ്ജും മക്കയിലാണ് ചെയ്തത്.’ മുഅല്ലിം സാഹിബ് ചോദിച്ചു, ‘നബി(സ)തിരുമേനി എത്ര ഹജ്ജ് ചെയ്തിട്ടുണ്ട്?’ നബി(സ)തിരുമേനി ജനിച്ചതുമുതൽ ആ

യുഷ്ക്കാലം മുഴുവനും ഹജ്ജ് ചെയ്തിട്ടുണ്ടെന്ന് അയാൾ പറഞ്ഞു. നബി(സ)തിരുമേനി ഒരൊറ്റ ഹജ്ജുമാത്രമെ ചെയ്തിട്ടുള്ളുവെന്ന് മുഅല്ലിം സാഹിബ് പറഞ്ഞു. മസ്ജിദിൽ ഇരിപ്പുണ്ടായിരുന്ന ഇമാമും മറ്റു പ്രായമുളളവരും ആ യുവാവിനെ ശകാരിച്ചുകൊണ്ടു പറഞ്ഞു: നിങ്ങളൊക്കെ ഇവിടെ കുഴപ്പമുണ്ടാക്കുകയാണ്. ഏതായാലും കുഴപ്പമുണ്ടാക്കുകയായിരുന്ന ആളുകൾ നാണം കെട്ട് അവിടെനിന്ന് ഇറങ്ങിപ്പോയി. പിന്നീട് ഇമാം സാഹിബ് ജമാഅത്തിന്റെ സംഘത്തെ തന്റെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. അവിടെ അദ്ദേഹത്തിനുപുറമെ മറ്റു ചിലയാളുകളുമുണ്ടായിരുന്നു. അങ്ങനെ 40-42 പേർ ജമാഅത്തിന്റെ തബ്ലീഗിൽ ആകൃഷ്ടരായി ബയ്അത്തു ചെയ്തു. ഇവിടേയും പുതിയൊരു ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു.

ഗിനി-ബിസോയിലെ ഇമാം തമാനെ പറയുന്നു: ഇന്നുവരെ ഞങ്ങൾ ജമാഅത്തിനെ സംബന്ധിച്ച് കേട്ടിരുന്നത്, നിങ്ങൾ നബി(സ)തിരുമേനിയേയും ഖുർആനിനേയും ഹദീഥിനേയും അംഗീകരിക്കാത്തവരാണെന്നാണ്. എന്നാൽ, ഇന്ന് ഞങ്ങൾ ജൽസ പരിപാടികൾ കണ്ടു. ഈ ജൽസയുടെ അനുഗ്രഹംകൊണ്ട് ഞങ്ങൾ നിങ്ങളുടെ ഖലീഫയെ കാണുകയും ശ്രദ്ധിക്കുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിന്റേയും ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)യുടേയും ഖുർആനിന്റേയും ഹദീഥിന്റേയും അധ്യാപനങ്ങളാണ് പറയുന്നത്. ജമാഅത്തിന്നെതിരിൽ വ്യാജമായ പ്രൊപ്പഗണ്ടകളാണ് നടക്കുന്നതെന്ന് ഇന്ന് എനിക്ക് ദൃഢബോധ്യമായി. എപ്പോഴും ദൈവികജമാഅത്തിന്നെതിരിൽ വ്യാജാരോപണങ്ങൾ ഉന്നയിക്കപ്പെടാറുണ്ട്.

ഇമാംസാഹിബ് അതേ മസ്ജിദിലെ ഇമാമായിരുന്നു. അദ്ദേഹം പറഞ്ഞു:ഞാനിന്ന് അഹ്മദിയ്യ ജമാഅത്തിൽ പ്രവേശിക്കുകയാണ്. ഞാനെന്റെ എല്ലാ ആളുകൾക്കും തബ്ലീഗ് ചെയ്യുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം തബ്ലീഗു ചെയ്യുകയും പുതിയ ജമാഅത്തുകൾ സ്ഥാപിതമാകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ചുരുക്കത്തിൽ നമ്മുടെ എതിരാളികൾ പാക്കിസ്താനിലുളളവരാണെങ്കിലും കേവലം എതിർക്കൻവേണ്ടി എതിർപ്പു പ്രകടിപ്പിക്കരുത്. പ്രത്യുത ഞങ്ങളുടെ അധ്യാപനങ്ങൾ കേൾക്കുകയും മനസ്സിലാക്കുകയും അതിനുശേഷം ആക്ഷേപങ്ങളുന്നയിക്കുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദും(അ)ഇതുതന്നെയാണ് പറഞ്ഞത്. നിങ്ങൾ വെറുതെ എതിർക്കരുത്. ഞാൻ പറയുന്നത് ആദ്യം കേൾക്കുവിൻ!(സിറാജെ മുനീർ, റൂഹാനീ ഖസാഇൻ, വാള്യം 12, പേജ് 4)

എതിർപ്പുകളുണ്ടായിട്ടും എങ്ങനെയാണ് അല്ലാഹു നമ്മെ സഹായിക്കുന്നതെന്നതിനെ സംബന്ധിച്ച് അമീർ സാഹിബ് ലൈബീരിയ എഴുതുന്നു: രണ്ടു വർഷം മുമ്പേ നിമ്പാ കൗണ്ടിയിലെ ഒരു നഗരമായ ഗാനഗ്ലേയിലെ കുറച്ചാളുകൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ആദ്യം അവർ ക്രിസ്ത്യാനികളോ നാസ്തികരോ ആയിരുന്നു. ബയ്അത്തിനുശേഷം അവരുടെ തർബിയ്യത്തിനും നമസ്കാരത്തിനും ഒരു വീടിന്റെ വരാന്തയിൽ സംവിധാനം ചെയ്യുകയുണ്ടായി. ലോക്കൽ മുബല്ലിഗ് മൂർത്തളാ സാഹിബ് നമസ്കാരത്തിനു ശേഷം അല്ലാഹു നമുക്ക് മസ്ജിദ് നിർമിക്കാൻ ഉചിതമായൊരു സ്ഥലം നല്കുന്നതിനുവേണ്ടി അവിടെയുളളവരോടു ദുആക്ക് പറഞ്ഞു. ഈ സ്ഥലം ക്രിസ്ത്യാനികളുടേയും നാസ്തികരുടേയും കേന്ദ്രമാകുന്നു. ഇവർ മുസ്ലിമീങ്ങളെ നല്ലവരായി കരുതുന്നില്ല. അതുകൊണ്ടുതന്നെ മസ്ജിദിന് സ്ഥലം കിട്ടുന്ന കാര്യം പ്രയാസമായിരുന്നു. സംസാരം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ നിർമതവാദിയും ദൈവാസ്തിക്യത്തിൽ വിശ്വാസമില്ലാത്തയാളുമായ മിസ്റ്റർ ഡഹൻ എന്നു പേരുളള ഒരാൾ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ എഴുന്നേറ്റുനിന്ന് പറഞ്ഞു: മിഷണറി നമ്മുടെ ഗ്രാമത്തിൽ വന്നതുമുതൽ അദ്ദേഹത്തിൽ സൽസ്വഭാവം മാത്രമാണ് കണ്ടിട്ടുളളത്. എല്ലാവരേയും കാണുകയും ഒരേ പാത്രത്തിൽ ഭക്ഷണം കഴിക്കുകയും എന്തിനധികം ദൈവത്തിൽ വിശ്വസിക്കാത്ത മുഴുകുടിയനായ എന്റെയടുത്തും വന്ന് വിശേഷം തിരക്കുകയും ചെയ്യുന്നു. ഇത്തരം സൽസ്വഭാവം എനിക്ക് നേരത്തെ ഏവിടേയും കാണാനാ കഴിഞ്ഞിട്ടില്ല. എന്റെ കൈവശം ഒരു പ്ലോട്ടുണ്ട്. അതിൽ ഞാൻ വീടു വെക്കണമെന്നാഗ്രഹിച്ചിരുന്നു. പക്ഷേ, ഇന്നു ഞാൻ ആ പ്ലോട്ട് മസ്ജിദിനുവേണ്ടി നല്കുകയാണ്.

അങ്ങനെ കുറച്ചു ദിവസങ്ങൾക്കുശേഷം അദ്ദേഹം ബയ്അത്തു ചെയ്തു. മദ്യപാനം പൂർണമായും ഉപേക്ഷിച്ചു. ആളുകളിൽ ഇത്തരം വിപ്ലവമുണ്ടാകുകയും അവർ ആത്മാർഥതയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അദ്ദേഹം തികച്ചും മറ്റൊരു മനുഷ്യനായി മാറിയത് ജനങ്ങൾ കാണുകയുണ്ടായി. ഇവിടെ മസ്ജിദ് നിർമാണവും ആരംഭിച്ചു. ആളുകൾ മസ്ജിദ് നിർമിക്കാൻ അനുവദിക്കരുതെന്ന് പറഞ്ഞുകൊണ്ട് ചീഫിന്റയടുക്കൽ ആക്ഷേപമുന്നയിച്ചു. എന്നാൽ, മിസ്റ്റർ ഡഹൻ വളരെ ധൈര്യപൂർവം പറഞ്ഞു:'ഞാൻ മസ്ദിനുവേണ്ടിയാണ് സ്ഥലം കൊടുത്തത്. ഇവിടെ മസ്ജിദ് ഉണ്ടാകുകതന്നെ ചെയ്യും.'അങ്ങനെ ആ മസ്ജിദ് പൂർത്തിയായി. ഇത് ഈ പ്രദേശത്തെ ആദ്യത്തെ മസ്ജിദാണ്. മസ്ജിദ് നൂർ എന്നാകുന്നു അതിന്റെ പേര്. ഇങ്ങനെ അമുസ്ലിമീങ്ങളും അല്ലാഹുവിൽവിശ്വസിക്കാത്ത നിരീശ്വരവാദികളും ദൈവകൃപയാൽ ദൈവാസ്തിക്യത്തിൽ വിശ്വസിക്കുക മാത്രമല്ല പ്രത്യുത ഇസ്ലാമിനെ സത്യമതമായി അംഗീകരിക്കുകയും ചെയ്യുന്നു.

ബറൗണ്ടിയിലെ ഒരു പ്രദേശമാണ് നയാൻസലാക്. ഇവിടെ ജമാഅത്തിന് ശക്തമായ എതിർപ്പുണ്ട്. ഈ പ്രദേശത്തുളള സുന്നി മസ്ജിദിലെ ഇമാം ജമാഅത്തിന്റെ മസ്ജിദ് പൂട്ടിക്കാൻ എല്ലാ നിലയ്ക്കും പരിശ്രമിച്ചുകൊണ്ടിരുന്നു. അതിനുവേണ്ടി അയാൾ സർക്കാർ അധികാരികളേയും കാണുകയുണ്ടായി. പക്ഷേ, അയാളുടെ ഒരു ശ്രമവും ഫലിച്ചില്ല. നമ്മുടെ മുഅല്ലിമായ ഹംസ ഇൻദോവെ സാഹിബിനെ അനഹ്മദി മസ്ജിദിലെ ഇമാം ചർച്ചയ്ക്ക് ക്ഷണിച്ചു. ചർച്ച ഈസാനബിയുടെ മരണത്തിൽ തുടങ്ങി. മുഅല്ലിം സാഹിബ് ഈസാനബിയുടെ മരണം ഖുർആനിക തെളിവുകൾ മുഖേന സ്ഥാപിച്ചപ്പോൾ നാമമാത്ര ഉലമാഅ് മറുപടി നല്കാൻ കഴിഞ്ഞില്ല. പിന്നീട് മുഅല്ലിം സാഹിബുമായി വഴക്കു തുടങ്ങുകയും ജമാഅത്തിനുമേൽ കുഫ്ർ ഫത്വ ആരോപിക്കുകയും ചെയ്തു.

അപ്പോൾ ഒരു ക്രിസ്ത്യൻ എഴുന്നേറ്റുനിന്ന് ജമാഅത്തിന്റെ നിലപാടിനെ പിന്തുണച്ചുകൊണ്ട് മൗലവിയോടു പറഞ്ഞു:'അഹ്മദിയ്യ ജമാഅത്ത് മുസ്ലിമീങ്ങളാണ്. നിങ്ങളുടെ ഇസ്ലാം മനസ്സിലാക്കാൻ കഴിയുന്നതല്ല. ഇവരുടേത് എന്താണ് പറയുന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നു.' മറുഭാഗത്ത് പ്രസ്തുത മസ്ജിദിലെ മൗലവിമാർക്കിടയിൽത്തന്നെ കലഹം തുടങ്ങി. തുടർന്ന് സർക്കാറിന് ഇടപെടേണ്ടി വരികയും അവരുടെ മസ്ജിദ് മൂന്നുമാസത്തേക്ക് സർക്കാർ സീൽചെയ്യുകയുമുണ്ടായി. നമ്മുടെ മസ്ജിദ് പൂട്ടിക്കാൻ നടന്നവരുടെ മസ്ജിദുതന്നെ പൂട്ടുകയുണ്ടായി.

ഇപ്പോൾ ഗൂഢാലോചനയനുസരിച്ച് നാമമാത്രരായ ഉലമ ഈ രീതി എല്ലാ സ്ഥലത്തും അഹ്മദികളുടെ മസ്ജിദ് പൂട്ടിക്കുന്നതിനുവേണ്ടി സ്വീകരിച്ചുവരികയാണ്. പാക്കിസ്താൻ അല്ലെങ്കിൽ പാക്കിസ്താനെപ്പോലെ മസ്ജിദുകൾ പൂട്ടിക്കാൻ കഴിയുന്നില്ലെങ്കിൽ മിനാരവും മിഹ്റാബും തകർക്കുന്നു. പാക്കിസ്താനിലെ നിയമത്തിൽ അഹ്മദികൾക്ക് മിനാരമുണ്ടാക്കാൻ അനുവാദമില്ലെന്ന് എവിടേയും എഴുതിയിട്ടില്ല. എന്നാൽ, സർക്കാർ ഈ മൗലവിമാർക്ക് മുന്നിൽ നാമമാത്ര ഉലമാഅ്ന് മുമ്പിൽ മുട്ടു മടക്കാൻ നിർബന്ധിതരാണ്. ഏതായാലും (പാക്കിസ്താനിലെ എതിരാളികൾ)എല്ലാ നിലയ്ക്കും ഏതെങ്കിലും വിധത്തിൽ നഷ്ടമുണ്ടാക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നു. എന്നാൽ, ഇൻശാഅല്ലാഹ് ഒരു ദിവസം ഇവർ സ്വയം നശിച്ചൊടുങ്ങുന്നതാണ്.

പാക്കിസ്താനിൽ നമുക്ക് വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിക്കുന്നതിൽ വിലക്കുണ്ട്. തർജമയുടെ പ്രശ്നംതന്നെ ഉദിക്കുന്നില്ല. അത് പ്രസിദ്ധീകരിക്കുന്നത് പൊറുക്കപ്പെടാൻ പറ്റാത്ത കുറ്റമാണ്! സാദാ ഖുർആനും അങ്ങനെത്തന്നെ. മാത്രമല്ല എന്തുകൊണ്ടു വിശുദ്ധ ഖുർആൻ കേട്ടു എന്ന പേരിലും കേസെടുക്കുന്നു. എന്തിന് വിശുദ്ധ ഖുർആൻ റെക്കോർഡിംഗ് ചെയ്തു വെച്ചിരിക്കുന്നതിനും കേസ്സാണ്! ഇതാണ് നാമമാത്ര മുസ്ലിമീങ്ങളുടെ ഇസ്ലാം. മുല്ലാക്കൾ ഇസ്ലാമിനെ വികൃതമാക്കിവെച്ചിരിക്കുന്നു. ഇതിനു പകരമായി അല്ലാഹു നമുക്ക് എങ്ങനെയാണ് വഴികൾ തുറന്നുതരുന്നതെന്നും നമ്മൾ ലോകത്തെങ്ങനെയാണ് വിശുദ്ധ ഖുർആൻ പ്രചരിപ്പിക്കുന്നതെന്നും നോക്കുക. നമ്മുടെ ഖുർആൻ പ്രത്യേകിച്ച് എല്ലാ സ്ഥലത്തും ആളുകൾ ഇഷ്ടപ്പെടുന്നു. ഏതു ഭാഷയിലുളള തർജമയാണെങ്കിലും അത് ജനശ്രദ്ധ ആകർഷിക്കുന്നു.

ടാൻസാനിയാ ദാറുസ്സലാമിലെ മുഅല്ലിം സാഹിബ് പറയുന്നു:ഞങ്ങളൊരു സ്ഥലത്ത് നോട്ടീസ് വിതരണം ചെയ്യാൻ പോയിരുന്നു. പുസ്തകങ്ങളും വില്പന നടത്തി. ഇതുമുഖേന തബ്ലീഗി ബന്ധങ്ങളിലും വർധനയുണ്ടാകുന്നു. പറയുന്നു:ഒരു ദിവസം എനിക്ക് മുപ്പതു കിലോമീറ്റർ അകലെയുളള ഒരു അനഹ്മദിയുടെ ഫോൺകാൾ വന്നു. അദ്ദേഹം വിശുദ്ധ ഖുർആനിന്റെ സ്വാഹിലി തർജമ വാങ്ങാൻ ആഗ്രഹമുണ്ടെന്ന് അറിയിച്ചു. മുഅല്ലിം സാഹിബ് പറഞ്ഞു:വിശുദ്ധ ഖുർആൻ നിങ്ങളുടെ സമീപപ്രദേശങ്ങളിലും ലഭ്യമാണ്. പക്ഷേ, അദ്ദേഹം പറഞ്ഞു:എനിക്ക് അഹ്മദികളുടെ തർജമയും വ്യാഖ്യാനവുമാണ് താൽപര്യം. മറ്റുളളവരും ചെയ്തിട്ടുണ്ടാകും. പക്ഷേ, എനിക്ക് ജമാഅത്തിന്റെ തർജമയാണിഷ്ടം. കാരണം ഇതാണ് ബുദ്ധി അംഗീകരിക്കുന്നത്. അതുകൊണ്ട് അതുതന്നെ വാങ്ങാനാണ് ആഗ്രഹം.

മാലിയിലെ മുബല്ലിഗ് ബിലാൽ സാഹിബ് പറയുന്നു: ജമാഅത്തിന് വിശുദ്ധ ഖുർആൻ എക്സിബിഷൻ നടത്താൻ തൗഫീഖ് ലഭിച്ചു. ഒരു വിദ്യാർഥി സ്റ്റാളിൽവന്നു. അദ്ദേഹത്തിന് വിശുദ്ധ ഖുർആൻ(ഫ്രഞ്ചു തർജമയെ പറ്റി) പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു:നിലവിലുളള തർജമകളിൽ ജമാഅത്ത് ഇറക്കിയ ഫ്രഞ്ചു തർജമയാണ് ഏറ്റവും നല്ലത്. അപ്പോൾ തന്റെ വീട്ടിലും വിശുദ്ധഖുർആൻ ഫ്രഞ്ച് തർജമയുണ്ടെന്ന് അയാൾ പറഞ്ഞു. അത് ജമാഅത്തിന്റെ തർജമയെക്കാളും നല്ലതാണ്. അയാൾ അതും പറഞ്ഞ് വീട്ടിൽപ്പോയി. അവിടെനിന്ന് വിശുദ്ധഖുർആനുമായി വന്നു. അനഹ്മദി തർജമയാണ് നല്ലതെന്ന് പറയാൻ ഒരു മണിക്കൂറിലധികം സമയമെടുത്തു. രണ്ട് തർജമയും തമ്മിൽ താരതമ്യം ചെയ്യാൻ തുടങ്ങി. അയാൾ നീതിമാനായിരുന്നു. അവസാനം നിർബന്ധിതനായി പറഞ്ഞു:ജമാഅത്തിന്റെ തർജമാണ് വളരെ നല്ലത്. ഇതു മുഖേന ഖുർആൻ മനസ്സിലാക്കാൻ എളുപ്പമുണ്ട്. പിന്നീട് വിശുദ്ധ ഖുർആനിന്റെ ഒരു പ്രതിയും വാങ്ങിക്കൊണ്ടാണ് പോയത്.

ഇസ്ലാമിന്റെ യഥാർഥ അധ്യാപനവും അല്ലാഹുവിലുളള വിശ്വാസവും ജമാഅത്തുപരമായ

അധ്യാപനവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാഹിത്യങ്ങളിൽനിന്ന് എങ്ങനെയാണ് മുസ്‌ലിമീങ്ങളിലും സ്ഥാപിതമാകുന്നതെന്നും ശുദ്ധപ്രകൃതരായ ആളുകൾ എങ്ങനെയാണ് അതിൽ പ്രഭാവിതരാകുന്നതെന്നും നോക്കുക. ഒരു സംഭവം കേൾപ്പിക്കാം. ജോർഹാട്ട് ബുക് ഫെയറിന്റെ അവസരത്തിൽ ഒരു സുഹൃത്ത് ജാലീമൗസ് സാഹിബ് വന്നു. ഇദ്ദേഹം കമ്പ്യൂട്ടർ എഞ്ചിനിയറാണ്. അദ്ദേഹം സ്റ്റാളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോയും ജമാഅത്തിന്റെ സാഹിത്യങ്ങളും നോക്കിക്കാണുകയായിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അദ്ദേഹം ഡ്യൂട്ടിയിലുണ്ടായിരുന്ന മുബല്ലിഗിനോടു നിറകണ്ണുകളോടെ പറഞ്ഞു: ഒരു മുസ്‌ലിമെന്ന നിലയിൽ ഞാനിന്ന് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നുവെങ്കിൽ അത് അഹ്മദിയ്യ ജമാഅത്തു കാരണം മാത്രമാണ്. ജമാഅത്ത് എനിക്കു വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്. അദ്ദേഹത്തോടു ചോദിച്ചു:താങ്കൾ അഹ്മദിയാണോ? താങ്കൾക്ക് ജമാഅത്ത് എന്ത് ഔദാര്യമുണ് ചെയ്തിട്ടുള്ളത്? അദ്ദേഹം പറഞ്ഞു:ഞാൻ അഹ്മദിയല്ല. ഞാൻ മതത്തിൽനിന്നകന്ന് നാസ്തികനായി മാറിയിട്ടുണ്ടായിരുന്നു. പക്ഷേ, എന്റെ വീട്ടിൽ പിതാവിന്റെ കൈയിൽ ജമാഅത്തിന്റെ കുറേ പഴയ പുസ്തകങ്ങളുണ്ടായിരുന്നു. അത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടേതായിരുന്നു. ആ പുസ്തകങ്ങൾ ഞാൻ വായിക്കാൻ തുടങ്ങി. പ്രസ്തുത പുസ്തകങ്ങളിൽ ഹദ്റത്ത് മിർസാ സാഹിബ് അല്ലാഹുവിനെ സംബന്ധിച്ച് സമർപിച്ച തെളിവുകൾ എന്റെ കണ്ണുകൾ തുറക്കാൻ കാരണമായി. എന്റെ പക്കൽ അതിന് മറുപടി ഇല്ലാതായി. എനിക്ക് ദൈവാസ്തിക്യത്തിൽ വിശ്വാസം വന്നു. ഇപ്രകാരം നാസ്തികരായ ആളുകളും അഹ്മദിയ്യ സാഹിത്യങ്ങൾ മുഖേന തങ്ങളുടെ വിശ്വാസത്തിലേക്ക് തിരിച്ചുവരുന്നു.

തുടർന്നു പറഞ്ഞു: ഇപ്പോൾ ഞാൻ അഹ്മദിയ്യ ജമാഅത്തിന്റെ വെബ്സൈറ്റ് വായിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യ ജമാഅത്ത് ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ട് സമർപിക്കുന്ന തെളിവുകൾ മുഖേന എന്റെ വിശ്വാസം സുദൃഢമായിത്തീരുന്നു. എന്റെ അറിവ് വർധിക്കുന്നു. അഹ്മദിയ്യ ജമാഅത്തുകാരണം ഞാനിന്ന് മുസ്‌ലിമാണ്.

പാശ്ചാത്യ രാജ്യങ്ങളിൽ വിശുദ്ധഖുർആൻ അവഹേളിക്കപ്പെട്ടുകൊണ്ടിരിക്കുന്നു;സ്വീഡൻ, ഡന്മാർക് മുതലായ സ്ഥലങ്ങളിൽ. അവിടെ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ സമർപിക്കുമ്പോൾ ഈ എതിരാളികളുടെ നിലപാടുകളിൽ മാറ്റം വരുന്നു. ഇന്ന് അഹ്മദിയ്യ ജമാഅത്തു മാത്രമാണ് വിശുദ്ധ ഖുർആനിന്റെ സ്ഥാനമാഹാത്മ്യം ഉയർത്താനും അതിന്റെ യഥാർഥ അധ്യാപനങ്ങൾ പറഞ്ഞുകൊടുക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഒരു ജർമൻ സ്ത്രീ പറഞ്ഞു: ജമാഅത്തിന്റെ സാഹിത്യങ്ങളുടേയും വിശുദ്ധ ഖുർആനിന്റേയും എക്സിബിഷൻ നടക്കുകയായിരുന്നു. ഈ പ്രദർശനത്തിൽ ഇസ്‌ലാമിനെ കുറിച്ച് വിവിധ വിഷയങ്ങളിൽ വിശുദ്ധ ഖുർആനിന്റേയും ഹദീഥുകളുടേയും ഉദ്ധരണികളും സമർപ്പിക്കപ്പെട്ടിരുന്നു. ഈ വിഷയങ്ങളിലൂടെ ഇസ്‌ലാം തീവ്രവാദത്തിന്റെ മതമല്ലെന്ന് പ്രകടമാക്കിയിട്ടുമുണ്ടായിരുന്നു. ആ സ്ത്രീ പറഞ്ഞു:നിങ്ങളുടെ ജമാഅത്ത് ഇസ്‌ലാമിനെ വളരെ സരളമായി ഞങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചിരിക്കുന്നു. ഇസ്‌ലാമിനേയും വിശുദ്ധ ഖുർആനിനേയുമെതിർക്കാൻ ഇനി പഴുതകളൊന്നുമില്ല.

വിശുദ്ധ ഖുർആനിന്റെ പ്രസിദ്ധീകരണവും ഇസ്‌ലാമികാധ്യാപനങ്ങളും സാഹിത്യങ്ങളും എങ്ങനെയാണ് ജനങ്ങളെ സ്വാധീനിക്കുന്നതെന്നതിനെ സംബന്ധിച്ച ഒരു സംഭവം കേൾപ്പിക്കാം. ഗോലാഘാട്ട് ബുക്ഫെയറിന്റെ അവസരത്തിൽ ഒരു മുസ്‌ലിം പ്രൊഫസറായ ശബാനയാസ്മിൻ സാഹിബ നമ്മുടെ സ്റ്റാൾ സന്ദർശിച്ചിരുന്നു. റിപ്പോർട്ടു ചെയ്യുന്നവർ പറയുന്നു:നമ്മുടെ സ്റ്റാൾ കണ്ടപ്പോൾ അവർ സന്തോഷം പ്രകടിപ്പിച്ചു. നേരെവന്ന് വിശുദ്ധ ഖുർആനിന്റെ ആസാമി തർജമ എടുത്തു. ഈ എക്സിബിഷൻ ആസാമിലാണ് നടന്നിരുന്നത്. തന്റെ കൂടെയുണ്ടായിരുന്ന പ്രൊഫസറോടു അവർ പറഞ്ഞു: ഇന്ന് എന്റെ ഈ സ്വപ്നം പൂർത്തിയായിരിക്കുന്നു. ഞാൻ നീണ്ട കാലമായി വിശുദ്ധ ഖുർആൻ ആസാമി തർജമ അന്വേഷിക്കുകയായിരുന്നു. തന്റെ ഒരു അധ്യാപകൻ തന്നോടു വിശുദ്ധ ഖുർആൻ ആസാമി തർജമ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇല്ലാത്തതിനാൽ കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ എനിക്ക് ലജ്ജയുമുണ്ടായിരുന്നു. മുസ്‌ലിം എന്ന നിലയ്ക്ക് എനിക്ക് ഖേദവുമുണ്ടായിരുന്നു. എന്റെ അധ്യാപകന്റെ വഫാത്തിനുശേഷം ഇന്ന് എനിക്ക് ഈ ഖുർആൻ കരീം കിട്ടിയിരിക്കുന്നു. ഇതിന് ആയിരക്കണക്കിന് രൂപ വിലയുണ്ടെങ്കിലും ഞാനിത് തീർച്ചയായും വാങ്ങുന്നതാണ്.

മുസ്‌ലിമീങ്ങളുടെ കൈയിൽ വിശുദ്ധ ഖുർആനും മറ്റു അടിസ്ഥാനപരമായ ഇസ്‌ലാമിക ഗ്രന്ഥങ്ങളുമില്ലാത്ത ഇത്തരം വിദൂരസ്ഥലങ്ങളിൽ അഹ്മദിയ്യ ജമാഅത്ത് ബുക്സ്റ്റാൾ സംഘടിപ്പിച്ചുകൊണ്ട് അവരുടെ ദീനീപരവും ആത്മീയപരവുമായ കാര്യങ്ങൾ പൂർത്തിയാക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്.

ധീമാജീ ബുക് ഫെയറിൽ ഒരു സ്ത്രീയുണ്ട്. ബാണ്ടി ദോവറസ്ബൊഗാഗോഹയ്ൻ. ഇവർ ലോർഡ് ശിവ മന്ദിർ നിർമിച്ചുകൊണ്ടിരിക്കുകയാണ്. അത് പ്രബോധിക്കുകയും ചെയ്യുന്നു. ഹിന്ദുവാണ്. അവർ നമ്മുടെ സ്റ്റാൾ കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. മുസ്‌ലിമീങ്ങൾ കുറവുള്ള ഈ സ്ഥലത്ത് ഇസ്‌ലാമിക ബുക്സ്റ്റാളോ! അങ്ങനെ അവർ നമ്മുടെ സ്റ്റാളിൽവന്നു. സംസാരിച്ചു. വളരെ സന്തോഷത്തോടെ മടങ്ങിപ്പോയി. അടുത്ത ദിവസം സ്റ്റാളിലുണ്ടായിരുന്നവർക്ക് പഴങ്ങളുമായി അവർ വന്നു. വിശുദ്ധ ഖുർആൻ കണ്ടപ്പോൾ അവർക്കേറെ സന്തോഷമായി. വിശുദ്ധ ഖുർആൻ വാങ്ങുമ്പോൾ അവർ പറഞ്ഞു:ഇന്ന് എന്റെ ജീവിതത്തിലെ ഒരു സ്വപ്നമാണ് നിങ്ങൾ പൂർത്തീകരിച്ചത്. വിശുദ്ധ ഖുർആൻ വാങ്ങി നെഞ്ചോടു ചേർത്തുപിടിച്ച് ഫോട്ടോ എടുക്കുകയും ചെയ്തു.

ചെക് റിപ്പബ്ലിക് കിഴക്കൻ യൂറോപ്പിലെ ഒരു രാജ്യമാണ്. അവിടുത്തെ മുബല്ലിഗ് എഴുതുന്നു:ഒരു ചെറുപ്പക്കാരൻ നമ്മുടെ സ്റ്റാളിൽ വന്നു. അയാൾ പറഞ്ഞു, 'ദൈവമുണ്ടെന്ന വിശ്വാസത്തിൽ ഞാനെത്തിച്ചേർന്നിട്ടുണ്ട്. പക്ഷേ, ഏതുമതമാണ് എന്നെ ദൈവത്തിലെത്തിക്കുക എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ നീണ്ടകാലമായി നിരവധി മതങ്ങളെക്കുറിച്ച് പൂർണമായും വിശകലനം ചെയ്തിട്ടുണ്ട്. എന്നാലിപ്പോൾ അഹ്മദിയ്യ ജമാഅത്ത് മാത്രമാണ് എല്ലാ പ്രശ്നങ്ങൾക്കും പ്രതിവിധി നല്കുന്നതെന്ന് എനിക്കു ബോധ്യമായി. അതെന്റെ മനസ്സിനും ബുദ്ധിക്കും സമാധാനം നല്കുന്നു. എനിക്കിവിടെ ആത്മീയത അനുഭവപ്പെടുന്നു.'

ആരാണ് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ ജനഹൃദയങ്ങളിലെത്തിക്കുന്നതെന്ന് മുല്ലാക്കമാർതന്നെ പറയട്ടെ.

അല്ലാഹു എങ്ങനെയാണ് തബ്‌ലീഗിനുള്ള മാർഗങ്ങൾ തുറന്നു തരുന്നതെന്ന് നോക്കുക. ഇതു സംബന്ധമായും വിശ്വാസവർധക സംഭവങ്ങളുണ്ട്. പാക്കിസ്താനിൽ നമുക്ക് പൂർണമായ വിലക്കുകളാണുള്ളത്. എന്നാൽ, മറ്റു സ്ഥലങ്ങളിൽ ചില വിലക്കുകളുണ്ടെങ്കിൽത്തന്നെയും അല്ലാഹു എളുപ്പമുണ്ടാക്കിത്തരുന്നു.

ഗിനി-ബിസോയിലെ മുബല്ലിഗ് എഴുതുന്നു:കഴിഞ്ഞ ഡിസംബറിൽ കേപ് വേർഡെയിൽ പര്യടനം നടത്തുമ്പോൾ(അറ്റ്ലാന്റിക് സമുദ്രത്തിൽസ്ഥിതിചെയ്യുന്ന ദ്വീപ സമൂഹം)ഇവിടെ നമ്മുടെ റേഡിയോ സ്റ്റേഷൻ വേണമെന്നും അതുമുഖേന വളരെ ത്വരിതഗതിയിൽ ജമാഅത്തിന്റെ സന്ദേശമെത്തിക്കാൻ കഴിയുമെന്നും കരുതി. പക്ഷേ, ഒരുപാട് ശ്രമിച്ചിട്ടും അവിടെ ജമാഅത്തിനെ രജിസ്റ്റർ ചെയ്യാൻ കഴിയുന്നുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ റേഡിയോ പരിപാടികളും ലഭിച്ചിരുന്നില്ല. പറയുന്നു: പര്യടനം പൂർത്തിയാക്കിയതിനുശേഷം ഗിനി-ബിസോയിൽ നിന്ന് നിരവധി നോട്ടീസുകൾ പ്രിന്റ് ചെയ്ത് വിപുലമായ തോതിൽ കേപ് വേർഡെയിലേക്ക് അയച്ചു കൊടുത്തു. അതവിടെ വിതരണം ചെയ്തു. പറയുന്നു: ഒരു സ്നേഹിതൻ നോട്ടീസു വായിച്ചതിനുശേഷം ജമാഅത്തിന്റെ മിഷൻ ഹൗസിൽ ഫോൺ ചെയ്തുകൊണ്ട് ജമാഅത്തിനെ കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. അങ്ങനെ അദ്ദേഹത്തെ കണ്ടുമുട്ടി. അദ്ദേഹത്തിന് ജമാഅത്തിനെപറ്റി പറഞ്ഞുകൊടുത്തു. അദ്ദേഹം ചോദിച്ചു:നിങ്ങളെന്തുകൊണ്ട് നിങ്ങളുടെ അധ്യാപനങ്ങൾ റേഡിയോവിലൂടെ പ്രക്ഷേപണം ചെയ്യുന്നില്ല. അദ്ദേഹത്തോടു പറഞ്ഞു:ഞങ്ങൾ ശ്രമിക്കുന്നുണ്ടെങ്കിലും ഞങ്ങൾക്ക് റേഡിയോ പരിപാടികൾ പ്രക്ഷേപണം ചെയ്യാൻ കഴിയുന്നില്ല. അദ്ദേഹം പറഞ്ഞു, എനിക്ക് സ്വന്തം റേഡിയോ സ്റ്റേഷനുണ്ട്. ഞാൻ തന്നെയാണ് അതിന്റെ ഡയറക്ടർ. നിങ്ങൾക്കെന്റെ റേഡിയോയിൽ പ്രോഗ്രാം ചെയ്യാവുന്നതാണ്. ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കാവുന്നതാണ്. അങ്ങനെ അല്ലാഹു പുതിയൊരു മാർഗം തുറന്നുതന്നു.

മാലിയിലെ മുബല്ലിഗ് എഴുതുന്നു:മാലി ജൽസസാലാനയിൽ കോലീകോറോ റീജ്യണിലെ ഒരു ഗ്രാമത്തിൽനിന്നുള്ള അഹ്മദ് ത്വറെ സാഹിബ് വന്നിരുന്നു. അദ്ദേഹം വിവരിച്ചു:ഇപ്പോൾ മാലിയിൽ ഒരു സംഘടനയുണ്ട്. അവർ നമസ്കാരത്തിനും ഇസ്‌ലാമിക കാര്യങ്ങൾക്കും അത്ര വലിയപ്രാധാന്യമൊന്നും നല്കുന്നില്ല. ഈ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

വിശ്വാസക്കാർ നമസ്കാരത്തിനും ഇസ്‌ലാമിക കാര്യങ്ങൾക്കും അത്രവലിയപ്രാധാന്യമൊന്നും നല്കുന്നില്ല, പക്ഷേ, മുസ്‌ലിമീങ്ങളാണ്. എന്നിട്ടും അഹ്മദികൾ അമുസ്‌ലിമാണ്! താൻ ഈ കക്ഷിയിലെ അംഗമാണെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ, അദ്ദേഹത്തിന് മനഃസമാധാനം കിട്ടുന്നുണ്ടായിരുന്നില്ല. ശുദ്ധ പ്രകൃതക്കാരനായിരുന്നു. പറയുന്നു:തീർച്ചയായും ഇസ്‌ലാം കാര്യങ്ങളും ഈമാൻ കാര്യങ്ങളും ആവശ്യമില്ലെന്നും നമസ്കരിക്കേണ്ട ആവശ്യമില്ലെന്നും ഞങ്ങൾ പറയുന്നു. പക്ഷേ, എനിക്ക് മനഃസംതൃപ്തി കിട്ടുന്നില്ല. ഒരു ദിവസം അദ്ദേഹം റേഡിയോ തുറന്നപ്പോൾ അഹ്മദിയ്യ റേഡിയോയാണ് ലഭിച്ചത്. അതിൽ നമസ്കരിക്കേണ്ട രീതി പഠിപ്പിക്കുന്നുണ്ടായിരുന്നു. അത് അദ്ദേഹം ശ്രദ്ധാപൂർവം കേട്ടു. പിന്നീട് അദ്ദേഹം നിരന്തരം അഹ്മദിയ്യ റേഡിയോ കേൾക്കാൻ തുടങ്ങിയപ്പോൾ ഇവർതന്നെയാണ് യഥാർഥ മുസ്‌ലിമീങ്ങളെന്ന് ബോധ്യമായി. എന്നാൽ, ഗ്രാമത്തിലുള്ളവർ പറഞ്ഞു:എല്ലാ മുസ്‌ലിം പണ്ഡിതന്മാരും അവരെ ഇസ്‌ലാമിൽനിന്ന് പുറത്താക്കിയിരിക്കുകയാണ്. അദ്ദേഹം പറയുന്നു: ഇവിടെ ആളുകൾ നമസ്കരിക്കുന്നതും തഹജ്ജുദ് നമസ്കരിക്കുന്നതും കണ്ടപ്പോൾ എന്റെ മനസ്സിന് തൃപ്തിയായി. എനിക്ക് ദീനിനെപറ്റി കൂടുതലൊന്നും അറിയില്ല. എന്നാൽ, ഇസ്‌ലാമിനെപറ്റി അറിയുന്ന കാര്യങ്ങളെല്ലാം ഞാനെന്റെ കണ്ണുകൊണ്ട് ഇവിടെ കണ്ടിരിക്കുന്നു. ഞാൻ അഹ്മദിയ്യത്തിൽ പ്രവേശിക്കുകയാണ്.

ഞാൻ പറഞ്ഞുവന്നതുപോലെ അവസാനത്തെ ന്യായപ്രമാണ ഗ്രന്ഥം വിശുദ്ധ ഖുർആൻ ഓതുന്നതും കേൾക്കുന്നതുംപോലും പാകിസ്താനിൽ അഹ്മദികൾക്ക് വിലക്കാണ്. വലിയ കുറ്റവുമാണ്. ഈ ഗ്രന്ഥം മുഖേനതന്നെയാണ് അഹ്മദിയ്യ ജമാഅത്ത് ലോകത്ത് മാറ്റങ്ങൾ വരുത്തുന്നതും.

മൈക്രോനേഷ്യയിലെ മുബല്ലിഗ് സർജീൽ സാഹിബ് പറയുന്നു:കുറച്ചുമുമ്പേ സൈമൺ ഗയ്ഡൻ എന്നു പേരുള്ള ഒരാൾ നമ്മളുമായി ബന്ധപ്പെട്ട് വിശുദ്ധ ഖുർആൻ വാങ്ങിയിരുന്നു. കുറച്ചുകാലം കഴിഞ്ഞപ്പോൾ കൂടിക്കാഴ്ചയ്ക്കാഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് ഒരു ദിവസം അവിചാരിതമായി അദ്ദേഹത്തിന്റെ മെസ്സേജും വന്നു. മസ്ജിദിൽ വന്നപ്പോൾ പറഞ്ഞു:ഞാൻ ആയുഷ്ക്കാലം മുഴുവനും ബൈബിൾ വിശദമായി പഠിക്കുകയുണ്ടായി. പക്ഷേ, എത്ര ശ്രമിച്ചിട്ടും അതിന്റെ പാഠങ്ങൾ മനസ്സിൽ കുടിയിരുത്താൻ കഴിയുന്നില്ല. എന്നാൽ, വിശുദ്ധ ഖുർആൻ പാരായണം ചെയ്ത തുടങ്ങിയപ്പോൾ അതിലെ ഓരോ വാക്കും നേരെ ഹൃദയത്തിലാണ് പ്രവേശിക്കുന്നത്. എന്തുകൊണ്ട് ഇത്രയും കാലം അബദ്ധത്തിൽ കഴിഞ്ഞുകൂടിയെന്നതിലും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ എന്തുകൊണ്ട് കിട്ടിയില്ല എന്നതിലും അദ്ദേഹം അത്ഭുതപ്പെടുകയായിരുന്നു. തുടർന്ന് അദ്ദേഹം മാതാവിനോടു പറഞ്ഞു: ഞാൻ മസ്ജിദിൽ പോകുകയാണ്. ഇസ്‌ലാമിൽ ചേരുകയാണ്.അവിടെ അദ്ദേഹത്തിന്റെ ബന്ധുക്കളുമുണ്ടായിരുന്നു. നിങ്ങൾ വലിയ അബദ്ധമാണ് കാണിക്കാൻ പോകുന്നതെന്ന് പറഞ്ഞ് അവർ അദ്ദേഹത്തെ ശകാരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:നിങ്ങളെന്തുവേണമെങ്കിലും ചെയ്തുകൊള്ളുക. എന്നാൽ, ഞാൻ ഹൃദയത്മനാ മുസ്‌ലിമായിരിക്കുകയാണ്. സൈമൺ സാഹിബ് എന്നോടു ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അദ്ദേഹം ജമാഅത്തിൽ ചേർന്നുവെന്ന് മാത്രമല്ല, ഇപ്പോൾ ധൈര്യപൂർവം ഇസ്‌ലാമിനെപറ്റി തബ്ലീഗും ചെയ്യുന്നുണ്ട്.

അഹ്മദിയ്യ ജമാഅത്തു മുഖേന എങ്ങനെയാണ് സൽപ്രകൃതരായ ആളുകൾ ഇസ്‌ലാമിൽ പ്രവേശിക്കുന്നതെന്ന് നോക്കുക. സ്പെയിൻ അമീർ സാഹിബ് എഴുതുന്നു: ഒരു സ്പാനിഷ് സുഹൃത്തായ ഫ്രാൻസിസ് കോഹിയോസ് സാഹിബ് നീണ്ട കാലത്തെ പഠനത്തിനുശേഷം 2023 ജനുവരിയിൽ മുസ്‌ലിമായി. ഇസ്‌ലാം സത്യമതമാണെന്ന് മനസ്സിലാക്കിയിരുന്നു. പക്ഷേ, മുസ്‌ലിമീങ്ങളുടെ ഭിന്നിപ്പിൽ വ്യാകുലനുമായിരുന്നു. ഹദ്റത്ത് അലി(റ)യ്ക്ക് ശേഷം മുസ്‌ലിമീങ്ങൾക്ക് ഐക്യത്തോടെ നിൽക്കാൻ കഴിഞ്ഞില്ലെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. ഇസ്‌ലാമിക ചരിത്രം അദ്ദേഹം കുറച്ചൊക്കെ വായിച്ചിരുന്നു. ഇനി ഖിലാഫത്തിനുകീഴിൽ മാത്രമെ മുസ്‌ലിമീങ്ങൾക്ക് വീണ്ടും ഒന്നിക്കാൻ കഴിയുകയുള്ളു. പക്ഷേ, ഖിലാഫത്തിനെ എവിടെയാണ് അന്വേഷിക്കുക! 2023 മാർച്ചിൽ അഹ്മദിയായ നമ്മുടെ ത്വാരിഖ് സാഹിബുമായി അദ്ദേഹത്തിന് ബന്ധപ്പെടാൻ കഴിഞ്ഞു. അഹ്മദിയ്യത്തിനെ കുറിച്ച് പഠിക്കാൻ അദ്ദേഹത്തോടു പറഞ്ഞു. തുടർന്ന് അദ്ദേഹം മൂന്നുമാസം അഹ്മദിയ്യത്തിനെപറ്റി പഠിക്കുകയും തൃപ്തി കൈവരികയും ചെയ്തപ്പോൾ ബയ്അത്തു ചെയ്തു. ഇപ്പോൾ ജുമുഅക്കും മറ്റും കൃത്യമായി പങ്കെടുത്ത് വരുന്നു.

താജികിസ്താനുമായ ബന്ധമുള്ള ഒരാളാണ് ഖുറോമോഫ് തുർഗുൻ സാഹിബ്. ഈയിടെയായി ഖിർഗിസ്താനിൽ താമസിച്ചുവരുന്നു. പറയുന്നു, ഞാൻ ജോലിചെയ്യുന്ന സ്ഥലത്ത് അഹ്മദികളുമുണ്ടായിരുന്നു. അദ്ദേഹം ചിലരുടെ പേരുകൾ പറഞ്ഞു. ഞാൻ അദ്ദേഹവുമായി ഏകദേശം മൂന്നുവർഷം ജമാഅത്തിനെക്കുറിച്ച് സംസാരിച്ചു. അദ്ദേഹവുമായി സംസാരിച്ച് അവസാനം അഹ്മദിയ്യ ജമഅത്തുതന്നെയാണ് യഥാർഥ ഇസ്‌ലാമെന്നും ഇമാം മഹ്ദി(അ)തന്നെയാണ് വാഗ്ദത്ത മസീഹെന്നും ഈസാനബി മരിച്ചുപോയിരിക്കുന്നുവെന്നും എനിക്ക് ബോധ്യമായി. അങ്ങനെ ബയ്അത്ത് ചെയ്ത് അഹ്മദിയ്യ ജമാഅത്തിൽ പ്രവേശിച്ചു. തുടർന്ന് അദ്ദേഹം തനിക്ക് ദീനീ സേവനത്തിന് അവസരങ്ങൾ ലഭിക്കാനും മുത്തഖിയായിത്തീരാൻ കഴിയുന്നതിനും ബയ്അത്തിന്റെ പത്തു നിബന്ധനകളനുസരിച്ച് ജീവിക്കാൻ തൗഫീഖ് കിട്ടുന്നതിനും ദുആക്കുവേണ്ടി പറയുകയും ചെയ്തു.

റഷ്യയിൽ നിന്ന് മുബല്ലിഗ് അതാഉൽ വാഹിദ് സാഹിബ് എഴുതുന്നു: ഒരു യുവാവിന് അല്ലാഹു ഇസ്‌ലാം-അഹ്മദിയ്യത്തിൽ ശ്രദ്ധയുണ്ടാക്കി. ഒന്നര വർഷം മുമ്പേ അദ്ദേഹവുമായി ബന്ധപ്പെട്ടിരുന്നു. ഈ യുവാവ് ഒരു ചെറിയ പ്രദേശത്താണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ പിതാവ് മതത്തിൽനിന്ന് അകന്നുപോയിരുന്നു. എന്നാൽ, ഈ യുവാവ് അതായത് മാർസലിന്റെ ഭാര്യയാകട്ടെ ക്രിസ്ത്യൻ ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട സ്ത്രീയായിരുന്നു. അദ്ദേഹത്തിന്റെ മൂത്ത സഹോദരനും ക്രിസ്ത്യാനി യായിരുന്നു. പക്ഷേ, ഇദ്ദേഹം പിതാവിന്റെ സമുദായം കാരണം ഇസ്‌ലാമിലേക്ക് ശ്രദ്ധയുള്ളവനായിരുന്നു. പിതാവ് നേരത്തെതന്നെ മുസ്‌ലിമായിട്ടുണ്ടായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതുകാരണം ഇയാളും ഇസ്‌ലാം സ്വീകരിച്ചതാണ്. പക്ഷേ, മുസ്‌ലിമീങ്ങളിൽ സുന്നി ഇസ്‌ലാമിലാണ് ചേർന്നത്. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹം പറയുന്നു: അധ്യാപനങ്ങൾ സംബന്ധിച്ച് ഒരുപാട് ചോദ്യങ്ങൾ മനസ്സിലുണ്ടായിരുന്നു. അതിന് പ്രാദേശിക മൗലവിക്ക് തൃപ്തികരമായ മറുപടി പറയാൻ കഴിയുന്നുണ്ടായിരുന്നില്ല. ഇദ്ദേഹത്തിന്റെ അസ്വസ്ഥത വർധിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ അല്ലാഹു ഇന്റർനെറ്റ് മുഖേന റഷ്യയിലെ അഹ്മദിയ്യ ജമാഅത്തുമായി ബന്ധപ്പെടാൻ അവസരമുണ്ടാക്കി. ഇവിടെ നിന്ന് മാർസൽ സാഹിബിന് തന്റെ ചോദ്യങ്ങൾക്കുള്ള തൃപ്തികരമായയ മറുപടി ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ നിരവധി സ്ഥലങ്ങളിൽപോയി ഇസ്‌ലാമിനെ മനസ്സിലാക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. എന്നാൽ, യഥാർഥ ഇസ്‌ലാം, അഹ്മദിയ്യത്തിൽ മാത്രമാണ് കണ്ടെത്തിയത്. അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്തു.

ഫിലിപ്പീൻസ് മുബല്ലിഗ് ഇൻചാർജ് പറയുന്നു: ഇവിടെ ഒരു ദ്വീപിൽ നൂറ്റി മുപ്പത്തി യൊമ്പത് ബയ്അത്തുകൾ നടന്നു. ബയ്അത്ത് ചെയ്തവരിൽ ഒരു സ്കൂൾ പ്രിൻസിപ്പാളും രണ്ടു ഇമാമുമാരുമുണ്ടായിരുന്നു. നാലു മസ്ജിദിലെ ഇമാമുമാർ ബയ്അത്ത് ചെയ്ത് അഹ്മദികളാ യിട്ടുമുണ്ടായിരുന്നു. ഒരു ഇമാമായ ഹാജി ഈസാ സാഹിബ് പറയുന്നു: അദ്ദേഹം ഇമാമായി സേവനം അനുഷ്ഠിച്ചിരുന്ന മസ്ജിദ് ഇപ്പോൾ അഹ്മദി മസ്ജിദായിക്കഴിഞ്ഞിരിക്കുന്നു. ഒരു സുഹൃത്ത് മസ്ജിദിന്റെ തൊട്ടടുത്തുള്ള സ്ഥലവും ജമാഅത്തിന് ഉപഹാരമായി നൽകിയിരിക്കുന്നു. അതിൽ ഈ വർഷം മിഷൻ ഹൗസുണ്ടാക്കാനുള്ള പരിപാടിയുണ്ട്. അങ്ങനെ അവിടെ സ്ഥായിയായി മുഅല്ലിമീനെ നിശ്ചയിക്കാൻ കഴിയുന്നതാണ്. ഈ ഇമാം സാമ്പത്തിക ത്യാഗം ചെയ്യുന്ന ആളുകൂടിയാണ്. പൈസ വാങ്ങുക മാത്രമല്ല ചെയ്യുന്നത്. അദ്ദേഹത്തിന് കടയുണ്ട്. കച്ചവടവുമുണ്ട്. സാമ്പത്തിക ത്യാഗം ചെയ്യുന്നയാളുമാണ്. അദ്ദേഹം പറയുന്നു: ഒരു ദിവസം ഞാൻ സാമ്പത്തിക ത്യാഗമെന്ന നിലക്ക് അഞ്ഞൂറ് പെസോ നൽകുകയുണ്ടായി. അല്ലാഹു എന്റെ വിശ്വാസത്തെ സുദൃഢമാക്കുന്നതിന് അടുത്ത ദിവസം തന്നെ എന്റെ പ്രതീക്ഷക്കെല്ലാമുപരിയായി ഒരു ലക്ഷം പെസോ വരുമാനമുണ്ടാക്കി. അല്ലാഹു ഇങ്ങനെ സൽപ്രകൃതരായ ആളുകൾക്ക് മാർഗദർശനവും നൽകുന്നു.

മാലി റീജ്യണിലെ സിക്കാസൗഇലെ മുബല്ലിഗ് എഴുതുന്നു: മർവാൻ കോലിബാലി സാഹിബ് അഹ്മദിയ്യ മിഷനിൽ വന്ന് ബയ്ത്ത് ചെയ്യാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. അദ്ദേഹം പറയുന്നു: അദ്ദേഹം അഹ്മദിയ്യ റേഡിയോ താൽപര്യത്തോടെ കേൾക്കാറുണ്ടായിരുന്നു. ജമാഅത്തിന്റെ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും തൃപ്തനുമായിരുന്നു. പക്ഷേ, ബയ്അത്ത് ചെയ്യാൻ മനസ്സ് സമ്മതിക്കുന്നുണ്ടായിരുന്നില്ല. ഇന്നലെ ഞാൻ റേഡിയോ കേട്ടുകൊണ്ടിരിക്കുമ്പോൾ കണ്ണടഞ്ഞു പോകുകയും അങ്ങനെ സ്വപ്നത്തിൽ ആകാശത്തു വളരെ പ്രകാശം ചൊരിയുന്ന ചന്ദ്രനെയും ആ ചന്ദ്രനിൽ രണ്ടു വ്യക്തികളുടെ ഫോട്ടോകളും കാണാനിടയായി. ഒരു ഫോട്ടോ വലുതും മറ്റൊന്ന് ചെറുതുമായിരുന്നു. അതിനടുത്തു നിന്നിരുന്ന കുട്ടികൾ ഇത് ഇമാം മഹ്ദിയുടെയും അദ്ദേഹത്തിന്റെ ഖലീഫയുടെയും ചിത്രങ്ങളാണെന്നും അവർ വന്നിരിക്കുന്നു വെന്നും പറഞ്ഞ് ബഹളം കൂട്ടാൻ തുടങ്ങി. തുടർന്ന് മർവാൻ സാഹിബ് പറയുന്നു: അടുത്ത് നിൽക്കുന്ന പ്രായമുള്ള ആളോടു അദ്ദേഹം ചോദിച്ചു, നിങ്ങൾക്കും ഈ ചിത്രങ്ങൾ കാണാൻ കഴിയുന്നുണ്ടോ? സ്വപ്നത്തിൽ ആ വൃദ്ധൻ പറഞ്ഞു. 'ഇല്ല.' പക്ഷേ, അദ്ദേഹം പറയുകയാണ്, അഹ്മദിയ്യത്തു തന്നെയാണ് സത്യജമാഅത്തെന്നും അവർതന്നെയാണ് ഇമാം മഹ്ദിയുടെ ആഗമനം വിളംബര പെടുത്തുന്നതെന്നും എന്റെ മനസ്സിന് ബോധ്യപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെയും ഖലീഫമാരുടെയും ഫോട്ടോകൾ കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വലിയ ഫോട്ടോ അദ്ദേഹം തിരിച്ചറിഞ്ഞു. കൂടെ എന്റെ ഫോട്ടോയും ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഇതൊക്കെത്തന്നെയാണ് ഞാൻ സ്വപ്നത്തിൽ കണ്ടത്.

സ്പെയിനിലെ അമീർ സാഹിബ് എഴുതുന്നു: ഈ വർഷം കാർലോസ് സാഹിബ് ബയ്അത്ത് ചെയ്യുകയുണ്ടായി. നേരത്തെ മുസ്‌ലിമായിട്ടുണ്ടായിരുന്നു. അബ്ദുസ്സലാം എന്നാണ് പേര് സ്വീക

രിച്ചിരുന്നത്. അദ്ദേഹം സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)അദ്ദേഹത്തോടു വരുവിൻ, സമാധാനത്തിലേക്ക് വരുവിൻ എന്ന് പറയുന്നതായി കാണുകയുണ്ടായി. ഈ സ്വപ്നത്തിനുശേഷം ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ ഇന്റർനെറ്റിൽഎന്തോ കാണിച്ചുകൊടുക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോയിൽ പതിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: ഈ വ്യക്തി തന്നെയല്ലേ സ്വപ്നത്തിൽ എന്നെ സമാധാനത്തിലേക്ക് വിളിച്ചുകൊണ്ടിരുന്നത്. പിന്നെ അദ്ദേഹം അഹ്മദിയ്യത്തിനെക്കുറിച്ച് പഠനമാരംഭിക്കുകയും കുറച്ചു ദിവസത്തിനുശേഷം അദ്ദേഹം വീണ്ടും ഒരു സ്വപ്നം കാണുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹത്തോടു പറയുന്നു: 'ഞാൻ മഹ്ദിയും മസീഹുമാകുന്നു.' ഈ സ്വപ്നത്തിനുശേഷം അദ്ദേഹത്തിന്റെ മനസ്സ് അഹ്മദിയ്യത്തിന്റെ വക്താവായിക്കഴിഞ്ഞിരുന്നു. പക്ഷേ, ബയ്അത്ത് ചെയ്തിരുന്നില്ല. പഠനം തുടർന്നുപോന്നു. മൂന്നാമത്തെ തവണ അദ്ദേഹം മസീഹ് മൗഊദ്(അ)നെ സ്വപ്നത്തിൽ കണ്ടു. അപ്പോൾ ആ മഹാത്മാവിന്റെ മുഖത്ത് നീരസം പ്രകടമായിരുന്നു. തുടർന്ന് അദ്ദേഹം ഉടൻതന്നെ ജമാഅത്തുമായി ബന്ധപ്പെടുകയും ബയ്അത്ത് ചെയ്യുകയുമുണ്ടായി.

എതിരാളികളുടെ പരമാവധി പരിശ്രമങ്ങളുണ്ടായിട്ടും നവഅഹ്മദികൾ എങ്ങനെയാണു വിശ്വാസദാർഢ്യം പ്രകടിപ്പിക്കുന്നതെന്ന് നോക്കുക.

ബുർക്കിനാ ഫാസോയിലെ മഹ്ദിയാബാദിലുള്ള ഒരു 'നാസിർ' സയീദ് വജീക്കാ സാഹിബ് പറയുന്നു: ഞങ്ങളുടെ ഗ്രാമത്തിൽ ഭൂരിപക്ഷമാളുകളും അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ സൗദി അറേബ്യായിലുള്ള എന്റെ ഒരു കസിൻ എല്ലാ ചെലവുകളും വഹിച്ചുകൊണ്ട് ഞങ്ങളെ സൗദി അറേബ്യായിലേക്ക് ക്ഷണിച്ചു. അവിടെയെത്തിയപ്പോൾ അയാൾ ഞങ്ങളെ കഅ്ബ സിയാറത്തുചെയ്യുന്നതിനു കൊണ്ടുപോയി. എന്നിട്ട് പറഞ്ഞു: ഇതെല്ലാമാണ് ഇസ്‌ലാമിന്റെ പരിശുദ്ധ സ്ഥലങ്ങൾ. ഇവിടെയാണ് ഇസ്‌ലാമാരംഭിച്ചത്. അല്ലാതെ പാകിസ്താനിൽ നിന്നല്ല. അതുകൊണ്ട് ഇവിടെയുള്ള വഹാബിവിശ്വാസം നിങ്ങൾ സ്വീകരിക്കുകയും അഹ്മദിയ്യത്തിനെ ഒഴിവാക്കുകയും ചെയ്യുക. ഞാൻ ചോദിച്ചു, 'നീ ഇതു പറയുന്നതിനു വേണ്ടിയാണോ ഞങ്ങളെ ഇങ്ങോട്ട് ക്ഷണിച്ചത്.' അപ്പോൾ അയാൾ തലയാട്ടി സമ്മതിച്ചു. പിന്നെ ഞാൻ പറഞ്ഞു: ഞാൻ ഈ പരിശുദ്ധ സ്ഥലത്തുനിന്ന് ഇങ്ങനെ ദുആ ചെയ്യുകയാണ് 'എന്റെ നാഥാ! എന്റെ ജീവിതത്തിൽ അഹ്മദിയ്യത്ത് ഉപേക്ഷിക്കേണ്ടി വരുന്ന ഒരു സന്ദർഭവും നീ വരുത്തരുതേ.' അദ്ദേഹം പറയുന്നു: ഞാൻ ദുആ ചെയ്തു, അങ്ങനെ ഒരു സന്ദർഭം വരുകയാണെങ്കിൽ, ഈമാനിൽനിന്ന് പിന്തിരിയുന്ന ഘട്ടം വരികയാണെങ്കിൽ അല്ലാഹുവേ! അതിനു മുമ്പേ ഈ ഈമാനിന്റെ അവസ്ഥയിൽത്തന്നെ നീ എനിക്ക് മരണം നൽകേണമേ. അദ്ദേഹം പറയുന്നു: പിന്നെ വളരെ പെട്ടെന്നുതന്നെ ബുർക്കിനാഫാസോയിൽ തിരിച്ചു വന്നു. അല്ലാഹു ചെയ്തതു നോക്കുക, അദ്ദേഹത്തിന്റെ ഈ കസിൻ അദ്ദേഹത്തെ കാണുന്നതിന് സുഹൃത്തുക്കളേയും കുടുംബക്കാരേയും കൂട്ടി ബുർക്കിനാഫാസോയിൽ വന്നപ്പോൾ അൽഹാജ് ഇബ്റാഹീം സാഹിബ് തബ്‌ലീഗ് ചെയ്യുകയും അതു മുഖേന അയാൾ അഹ്മദിയാകുകയും ചെയ്തു. ഏതായാലും അദ്ദേഹം പറയുന്നു, ഞങ്ങളെ വേട്ടയാടാൻ ഉദ്ദേശിച്ച ആൾത്തന്നെ സ്വയം അഹ്മദിയ്യത്തിന്റെ ഇരയായിത്തീർന്നു.

എതിർപ്പുണ്ടാകുമ്പോൾ സ്ഥിരചിത്തത കാണിക്കുന്നത് സംബന്ധിച്ച് ബുർക്കിനാഫാസോയിലെ ഒരു സംഭവമുണ്ട്. അമീർ സാഹിബ് പറയുന്നു; ഡോറി റീജ്യണിലെ മുഅല്ലിം ഉമർ ഡിക്കൊ(ഉശ രസീ) സാഹിബ് പറയുന്നു: ഒരു ദിവസം വഹാബി മുല്ലാക്കളുടെ ഒരു സംഘം അദ്ദേഹത്തിന്റെ വീട്ടിൽ വരികയും അഹ്മദിയ്യത്ത് ഒഴിവാക്കാൻ പറയുകയും അതല്ലെങ്കിൽ നിങ്ങളെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഉമർ ഡിക്കൊ സാഹിബ് പറയുന്നു: നിങ്ങൾക്കെന്നെ കൊല്ലാവുന്നതാണ്. പക്ഷേ, അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. ഞാൻ തബ്‌ലീഗിൽ നിന്നു പിന്മാറുന്നതുമല്ല. അങ്ങനെ അവർ കൂടുതൽ കോപാകുലരായി അവിടെനിന്നു പോയി. അടുത്ത ദിവസം ആയുധധാരികളായ കുറച്ചാളുകൾ അദ്ദേഹത്തിന്റെ വീട്ടിൽ വന്നു. അപ്പോൾ അഹ്മദികൾ അദ്ദേഹത്തോട് ഡോറിയിലേക്ക് പോകാൻ അഭിപ്രായപ്പെട്ടു. ആ രാത്രി മുഅല്ലിം സാഹിബ് തന്റെ കുടുംബത്തോടൊപ്പം ദുആയിൽ മുഴുകി. അല്ലാഹുവിനോട് മാർഗദർശനം തേടിക്കൊണ്ടിരുന്നു. മുഅല്ലിം സാഹിബ് ഇസ്മായീൽ എന്ന വ്യക്തിയെ കണ്ടു. അദ്ദേഹം ചോദിച്ചു: ഉമറേ! നീ എങ്ങോട്ടാണ് പോകുന്നത്? മറുപടിയായി പറഞ്ഞു, ഡോറിയിലേക്ക്. അപ്പോൾ അയാൾ പറഞ്ഞു: ശരി. അങ്ങനെ ഈ സ്വപ്നത്തിനുശേഷം അടുത്ത ദിവസം രാവിലെ അദ്ദേഹം അവിടെനിന്ന് പലായനം ചെയ്തു. ഒരു റിക്ഷാക്കാരൻ അദ്ദേഹത്തെ സുരക്ഷിതമായി അവിടെയെത്തിക്കുകയും ചെയ്തു. ഡോറി എത്തിയതും അദ്ദേഹത്തിന്റെ ഭാര്യയുടെ ഫോൺ വന്നു. അതായത് 'ആയുധധാരികളായ തീവ്രവാദികൾ വന്നു താങ്കളെ അന്വേഷിക്കുന്നു.'ഏതായാലും അല്ലാഹു ഇങ്ങനെ അദ്ദേഹത്തിന്റെ ജീവൻ രക്ഷിച്ചു.

നൈജീരിയയിലെ ഓസൻ സംസ്ഥാനത്തിലെ ഒരു ഗ്രാമത്തിൽ താമസിക്കുന്ന ബദ്ർ അൻദേരേമിസാഹിബിന് അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള സൗഭാഗ്യം ലഭിച്ചു. ഇദ്ദേഹം കൃഷിക്കാരനാണ്. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ ഗ്രാമത്തിൽ നമ്മുടെ ജമാഅത്തിന്റെ എതിരാളി സംഘത്തിലെ സജീവാംഗമായിരുന്നു. അദ്ദേഹം പറയുന്നു: ഗ്രാമത്തിലെ അഹ്മദിയ്യാ മിഷണറി എനിക്ക് ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുത്തിയപ്പോൾ ജമാഅത്തിനെ കുറിച്ച് കൂടുതൽ അറിയാൻ താൽപര്യമുണ്ടായി. കുറച്ചുകാലത്തെ പഠനത്തിനുശേഷം ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചു. ബയ്അത്ത് ചെയ്തതിനുശേഷം ശക്തമായ എതിർപ്പു നേരിടേണ്ടി വന്നു. മൂന്നുമാസത്തിനകം നിങ്ങൾ അഹ്മദിയ്യത്ത് ഒഴിവാക്കുന്നില്ലെങ്കിൽ നിങ്ങളുടെ വീട് നശിപ്പിക്കുമെന്ന് എന്നോടു പറയുകയും ചെയ്തു. വളരെ അസ്വസ്ഥതയിലായിരുന്നു ഞാൻ. ഒരു ദിവസം ഞാൻ വയലിൽ ജോലിക്കു പോയതായിരുന്നു. ശക്തമായ കാറ്റും മഴയും തുടങ്ങി. അദ്ദേഹം പറയുന്നു: ഞാൻ തിരിച്ചുവീട്ടിൽ പോകുമ്പോൾ വീട് ഈ കൊടുങ്കാറ്റിന് ഇരയായിട്ടുണ്ടാകുമെന്ന് എനിക്ക് ഉറപ്പായിരുന്നു. ഏതായാലും ഞാൻ വീട്ടിലെത്തിയപ്പോൾ കാണുന്നത് എന്റെ വീടിന്റെ ഇരുവശത്തുമുള്ള ഏറെക്കുറെ അമ്പതോളം വീടുകൾ തകർന്നിരിക്കുന്നതാണ്. വെറും മേൽക്കൂര മാത്രമല്ല പ്രത്യുത മുഴുവൻ വീടും കൂമ്പാരമായിരിക്കുന്നു. ആ സമയത്ത് ശത്രുക്കളുടെ കാര്യവും എന്റെ മനസ്സിൽവന്നു. അവരെന്നോട് പറഞ്ഞത് നിങ്ങൾ അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട് ഒരു ദിവസം തിരിച്ചുവരുമ്പോൾ നിങ്ങളുടെ വീട് തകർന്നടിഞ്ഞതായി നിങ്ങൾ കാണേണ്ടി വരുമെന്നാണ്. ഞാൻ ദുആ ചെയ്തു, അല്ലാഹുവേ! ഈ ജമാഅത്ത് നിന്റെ ജമാഅത്താകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ), നബി(സ)തിരുമേനി സുവാർത്ത നൽകിയ വാഗ്ദത്ത മഹ്ദിയുമാകുന്നു. അങ്ങനെയാണെങ്കിൽ നീ എന്റെ വീടിനെ വീഴാൻ അനുവദിക്കരുതേ. ഏതായാലും മഴ തോർന്നപ്പോൾ ഞാൻ വീടിനകത്ത് കയറി നോക്കി. എല്ലാ മുറികളും സുരക്ഷിതമാണ്. ഒരു തരത്തിലുള്ള നഷ്ടവും വന്നിട്ടില്ല. അതെ സമയം ചുറ്റുവട്ടത്തുള്ള നിരവധി വീടുകൾ തകർന്നിരിക്കുന്നു. ഈ സംഭവത്തിനുശേഷം അഹ്മദിയ്യത്തിന്റെ സത്യത്തിലുള്ള എന്റെ വിശ്വാസം സുദൃഢമാകുകയും ഈ ജമാഅത്തുതന്നെയാണ് യഥാർഥത്തിൽ ദൈവിക ജമാഅത്തെന്ന് ദൃഢബോധ്യം വരികയും ചെയ്തു. നമുക്ക് യഥാർഥ ഇസ്‌ലാമിക അധ്യാപനങ്ങൾ തന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൂടെയാണ് അല്ലാഹുവിന്റെ സഹായം എന്നതിനു ഇത്തരത്തിലുള്ള സംഭവങ്ങൾ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ എല്ലാഭാഗത്തും കാണപ്പെടുന്നു. ഈ സംഭവങ്ങളെല്ലാം അഹ്മദിയ്യാ ജമാഅത്തിന്റെ സത്യത്തിനുള്ള വലിയ തെളിവുകളാകുന്നു. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജനങ്ങളുടെ വിശ്വാസത്തെ സുദൃഢമാക്കുന്നു. അല്ലാഹു ലോകത്തിന്റെ കണ്ണുകൾ തുറക്കുകയും അവർക്ക് ഈ വിശ്വാസവും ദൃഢജ്ഞാനവും സ്വീകരിക്കാൻ സൗഭാഗ്യം നൽകുകയും ചെയ്യുമാറാകട്ടെ.

ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. പക്ഷേ, ഒരു കാര്യംകൂടി ഞാൻ പറയട്ടെ, ഈ ദിവസങ്ങളിൽ കോവിഡ് വീണ്ടും പരന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എല്ലാവരും ഇതുസംബന്ധിച്ച് മുൻകരുതലുകൾ എടുക്കേണ്ടതാണ്.

പരേതാത്മാക്കളിൽ ആദ്യത്തെ അനുസ്മരണം പീർ ളിയാഉദ്ദീൻ സാഹിബിന്റെ ഭാര്യ അമത്തുൽ ഹാദി സാഹിബയെ കുറിച്ചാണ്. ഇവർ ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിന്റെ മകളാണ്. 92-ാമത്തെ വയസ്സിൽ കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇവരുടെ മക്കളായ ശബീർ അഹ്മദ് ഇസ്‌ലാമാബാദിലെ നായിബ് അമീറാണ്. ബ്രിഗേഡിയർ ദബീർ അഹ്മദ് ഫള്‌ലെ ഉമർ ഹോസ്പിറ്റലിൽ അഡ്മിനിസ്ട്രേറ്ററാണ്. അദ്ദേഹം RETIREMENT നുശേഷം വഖ്ഫ് ചെയ്തതായിരുന്നു. പരേതക്ക് രണ്ടു പെൺമക്കളുമുണ്ട്.

അവരുടെ മകനെഴുതുന്നു: ഞങ്ങൾ സ

(ശേഷം പേജ് 11 ൽ)

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

**വളരെ കഠിനാധ്വാനത്തോടെ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ജോലികൾ ചെയ്യുക, അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കുക.**
**ഒരു സത്യവിശ്വാസിനിയും അഹ്മദി പെൺകുട്ടിയും എന്ന നിലയിൽ സ്വന്തം ജീവിതമാതൃക കാഴ്ചവെക്കുക; ഇവർ അഹ്മദി പെൺകുട്ടികളാണെന്നും യഥാർഥമായ ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് ജീവിക്കുന്നവരാണെന്നും ആളുകൾ കാണുന്നതിനും പറയുന്നതിനുംവേണ്ടി.**
**പലപ്പോഴും (മാനസികമായ രോഗങ്ങൾ)ഉണ്ടാകുന്നത് നമ്മൾ വളരെയധികം ഭൗതികവാദത്തിൽ പതിഞ്ഞുകൊണ്ടിരിക്കുന്നതു കൊണ്ടാണ്. ഭൗതികപരമായ ആഗ്രഹങ്ങൾ പൂർത്തിയാകാതെയും നിങ്ങളാഗ്രഹിക്കുന്നതു കിട്ടാതെവരികയും ചെയ്യുമ്പോൾ നിങ്ങൾക്ക് നിരാശയുണ്ടാകുന്നു. ഈ നിരാശ അസ്വസ്ഥത വർധിപ്പിക്കുന്നു. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞത് മനസ്സമാധാനം ഉണ്ടാകുന്നതിനുള്ള ഏറ്റവും ഉത്തമമായ വഴി അല്ലാഹുവിനെ സ്മരിക്കലാണ്. മനഃശ്ശാന്തി ലഭിക്കുന്നു. അതുകൊണ്ട് നിങ്ങൾക്കെപ്പോഴെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടായാൽ അല്ലാഹുവിനെ സ്മരിക്കുക. അവന്റെ മുമ്പിൽ കുനിയുക.**
**അഞ്ചുനേരനമസ്കാരം കൃത്യമായും ആത്മാർഥമായും നിർവഹിക്കുക.**
**ഒരു നിരീശ്വരനും ചിലപ്പോൾ സമ്മതിക്കുന്ന ഒരു കാര്യമുണ്ട്, ഈ ലോകത്തുകാണുന്ന എല്ലാ സൽസ്വഭാവവും അല്ലെങ്കിൽ മനുഷ്യത്വവും അന്യോന്യം പരിചയപ്പെടുത്തപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ റസൂൽമാരും നബിമാരും മുഖേന നമ്മൾവരെ എത്തിയിട്ടുള്ളതാണ്.**
**കേവലം സൽസ്വഭാവത്തിന്റെ പ്രകടനം പോര, പ്രത്യുത ഒരു യഥാർഥ അനുയായിക്ക് അല്ലാഹുവിനോടുള്ള കടമകളും നിറവേറ്റേണ്ടതാണ്. അല്ലാഹു നല്കിയിട്ടുള്ള അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യേണ്ടതാണ്. അല്ലാഹുവിനോടുള്ള കടമകളെ ദൃഢഗാഢപരമാക്കേണ്ടതാണ്.**

2021 ഒക്ടോബർ 30 ന് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽഅസീസ് നോർത്ത് ഇംഗ്ലണ്ടും സ്കോട്ട്ലാന്റുമായി ബന്ധം വെക്കുന്ന 13-15 വയസ്സുള്ള നാസിറാത്തുൽ അഹ്മദിയ്യാ അംഗങ്ങളുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തി. ഹുദൂർ അൻവർ ഈ കൂടിക്കഴ്ചയ്ക്ക് ഇസ്‌ലാമാബാദിൽ(ടിൽഫോർഡ്)സ്ഥാപിച്ചിട്ടുള്ള എം.ടി.എ സ്റ്റുഡിയോയിൽ ആഗതരായി. നാസിറാത്തുൽ അഹ്മദിയ്യാ അംഗങ്ങൾ മാഞ്ചസ്റ്ററിലെ ദാറുൽ അമാൻ മസ്ജിദിൽനിന്ന് ഓൺലൈനിൽ പങ്കെടുത്തു. വിശുദ്ധ ഖുർആൻ പാരായണത്തോടെ കൂടിക്കാഴ്ച ആരംഭിച്ചു. അതിനുശേഷം നാസിറാത്തുൽ അഹ്മദിയ്യാ അംഗങ്ങൾക്ക് ഹുദൂറിനോടു ചോദ്യങ്ങൾ ചോദിക്കാനുള്ള ഭാഗ്യം കിട്ടി.

ഒരു നാസിറ ചോദിച്ചു:സമൂഹത്തിൽ കാണുന്ന മാനസികമായ രോഗങ്ങളെ സംബന്ധിച്ചും ഡിപ്രഷനെ സംബന്ധിച്ചും അങ്ങയുടെ അഭിപ്രായമെന്താണ്?

ഹുദൂർ അൻവർ പറഞ്ഞു: പലപ്പോഴും (മാനസികമായ രോഗങ്ങൾ)ഉണ്ടാകുന്നത് നമ്മൾ വളരെയധികം ഭൗതികവാദത്തിൽ പതിഞ്ഞുകൊണ്ടിരിക്കുന്നതുകൊണ്ടാണ്. നമ്മുടെ ആഗ്രഹങ്ങളുടേയും മോഹങ്ങളുടേയും മുൻഗണനകളും മാറ്റപ്പെട്ടു. അല്ലാഹുവിനോടുള്ള സ്നേഹവും അടുപ്പവും വർധിക്കുന്നതിനുപകരം നമ്മൾ ഭൗതികമായ വസ്തുക്കളുടെ പിന്നാലെ പാഞ്ഞുകൊണ്ടിരിക്കുന്നു. ഇതാണ് അതിന്റെഅടിസ്ഥാനപരമായ കാരണം. ഭൗതികപരമായ ആഗ്രഹങ്ങൾ പൂർത്തിയാകാതെയും നിങ്ങളാഗ്രഹിക്കുന്നതു കിട്ടാതെവരികയും ചെയ്യുമ്പോൾ നിങ്ങൾക്ക് നിരാശയുണ്ടാകുന്നു. ഈ നിരാശ അസ്വസ്ഥത വർധിപ്പിക്കുന്നു. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞത് മനസ്സമാധാനം ഉണ്ടാകുന്നതിനുള്ള ഏറ്റവും ഉത്തമമായ വഴി അല്ലാഹുവിനെ സ്മരിക്കലാണ്. മനഃശ്ശാന്തി ലഭിക്കുന്നു. അതുകൊണ്ട് നിങ്ങൾക്കെപ്പോഴെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടായാൽ അല്ലാഹുവിനെ സ്മരിക്കുക. അവന്റെ മുമ്പിൽ കുനിയുക. അഞ്ചുനേരനമസ്കാരം കൃത്യമായും ആത്മാർഥതയോടുകൂടിയും നിർവഹിക്കുക. അതിന്റെ ഫലമായി നിങ്ങൾക്ക് ശാന്തിയും നന്മയും അനുഭവപ്പെടുന്നതായിരിക്കും.

ഹുദൂർ അൻവർ വീണ്ടും പറഞ്ഞു:ഇക്കാലത്ത് അസ്വസ്ഥതയ്ക്ക് ഇരയായിക്കൊണ്ടിരിക്കുന്ന അധികം രോഗികളുടേയും അടിസ്ഥാനപരമായ കാരണം ഭൗതികവസ്തുക്കളോടുള്ള അമിതമായ അവരുടെ ചായ്വാണ്. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനോടു ഏറ്റവും അടുത്തിരിക്കാൻ ശ്രമിക്കുകയാണെങ്കിൽ കുറഞ്ഞപക്ഷം 80%ത്തിലധികം അസ്വസ്ഥത അകലുന്നതായിരിക്കും. നിങ്ങൾ ഭാഗ്യവതികളാണ്. നിങ്ങൾക്ക് അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങളാകാൻ തൗഫീഖ് പ്രദാനം ചെയ്തു. അതായത് ഇക്കാലത്തെ ഇമാം മഹ്ദിയെ-അദ്ദേഹം മസീഹ് മൗഊദുമാണ്, അദ്ദേഹം വരുമെന്നുള്ള സുവാർത്ത നബി(സ)തിരുമേനി നല്കിയതുമാണ്-വിശ്വസിക്കാൻ ഭാഗ്യം കിട്ടി. അദ്ദേഹം നമ്മളോടു പറഞ്ഞു:ഭൗതികവസ്തുക്കളുടെ പിന്നാലെ ഓടുന്നതിനു പകരം നിങ്ങളുടെ സ്രഷ്ടാവിന്റെ സാമീപ്യം പ്രാപിക്കാൻ പരിശ്രമിക്കുക. ഇക്കാര്യം പിന്നീട് നിങ്ങൾക്ക് സമാധാനവും സൗഖ്യവും എത്തിക്കുന്നതായിരിക്കും.

ഒരു നാസിറ ചോദിച്ചു:ഏതെങ്കിലും മതത്തെ വിശ്വസിക്കാതെതന്നെ നമുക്ക് നമ്മുടെ ജോലി ചെയ്യാൻ കഴിയുമെങ്കിൽ പിന്നെ മതത്തിന്റെ ആവശ്യമെന്താണ്?

ഹുദൂർ അൻവർ പറഞ്ഞു:സൽസ്വഭാവത്തിന്റെ കാര്യം പറയുകയാണെങ്കിൽ ഒരു നിരീശ്വരനും സൽസ്വഭാവമുണ്ടാകാം. അവനിലെപ്പോഴും സത്യം പറയാനുള്ള സവിശേഷതയുണ്ടാകാം. ചില വിശ്വാസികളും അല്ലെങ്കിൽ ഏതെങ്കിലും മതാനുയായിയും(എപ്പോഴും)സത്യം പറയാതിരിക്കുമ്പോഴാണിത്. ചിലപ്പോൾ കൂടുതൽ കളവുപറയുന്നവരുമായിരിക്കും. ഇപ്രകാരം ആ നിരീശ്വരനും വിശ്വാസികളെക്കാൾ നല്ലവനായിരിക്കും. എന്നാൽ, അതിനോടൊപ്പം ഒരു നിരീശ്വരനും ചിലപ്പോൾ സമ്മതിക്കുന്ന ഒരു കാര്യമുണ്ട്, ഈ ലോകത്തുകാണുന്ന എല്ലാ സൽസ്വഭാവവും അല്ലെങ്കിൽ മനുഷ്യത്വവും അന്യോന്യം പരിചയപ്പെടുത്തപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ റസൂൽമാരും നബിമാരും മുഖേന നമ്മൾവരെ എത്തിയിട്ടുള്ളതാണ്. അതുകൊണ്ട് ഇതിൽനിന്നറിയാൻ കഴിയുന്നത് മതംതന്നെയാണ് മനുഷ്യർക്കുവേണ്ടി ഈ ലോകത്ത് സൽസ്വഭാവം കൊണ്ടുവന്നതെന്നാണ്.

ഹുദൂർ പറഞ്ഞു: അല്ലാഹു പറയുന്നു: ഈ ഇഹലോക ജീവിതം മാത്രമല്ല ജീവിതം. പ്രത്യുത മരിച്ചതിനുശേഷവും ജീവിതമുണ്ട്. അത് എല്ലാ നബിമാരും നമ്മളോടു പറഞ്ഞിട്ടുള്ളതാണ്. ഈ താൽക്കാലികമായ ജീവിതത്തിനുശേഷം ഒരു അനശ്വരമായ ജീവിതമുണ്ട്. അല്ലാഹു പറയുന്നു:നിങ്ങൾ ഈ ലോകത്ത് നല്ല ജോലികൾ ചെയ്യുകയും നിങ്ങളുടെ സ്രഷ്ടാവിനോടുള്ള നിർബന്ധ കടമകൾ നിറവേറ്റുകയും ചെയ്യുമ്പോൾ നിങ്ങളോടൊപ്പം വസിക്കുന്ന മനുഷ്യരോടുള്ള നിർബന്ധ കടമകളു നിറവേറ്റേണ്ടതാണ്. പിന്നീട് അല്ലാഹു നിങ്ങൾക്ക് പരലോകത്ത് പ്രതിഫലം നല്കുന്നതായിരിക്കും. അതുകൊണ്ടാണ് കേവലം സൽസ്വഭാവത്തിന്റെ പ്രകടനം പോര, പ്രത്യുത ഒരു യഥാർഥ അനുയായിക്ക് അല്ലാഹുവിനോടുള്ള കടമകളും നിറവേറ്റേണ്ടതാണെന്ന് നമ്മൾ പറയുന്നത്. അല്ലാഹു നല്കിയിട്ടുള്ള അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യേണ്ടതാണ്. അല്ലാഹുവിനോടുള്ള കടമകളെ ദൃഢഗാഢപരമാക്കേണ്ടതാണ്. നിങ്ങളുടെ ഇബാദത്ത് അഥവാ ആരാധന തനിക്കൊരു പ്രയോജനവും ചെയ്യുകയില്ലെന്ന് അല്ലാഹു പറയുന്നു. ഇതു നിങ്ങളുടെതന്നെ ഗുണത്തിനുവേണ്ടിയുള്ള കാര്യമാണ്. കാരണം അല്ലാഹു ഈ ലോകത്തും പരലോകത്തും അവർക്ക് പ്രതിഫലം നല്കും. രണ്ടാമത്തെ കാര്യം നിങ്ങളോടൊപ്പം വസിക്കുന്നവരോടുള്ള കടമകളും നിങ്ങൾ നിറവേറ്റേണ്ടതാണ്. അതിന്റെ പ്രതിഫലവും പരലോകത്ത് കിട്ടുന്നതായിരിക്കും. വിശ്വസിക്കാത്ത ഒരു നിരീശ്വരന് ഈ ലോകത്ത് മാത്രമാണ് പ്രതിഫലം

(ശേഷം പേജ് 10ൽ)

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 08 തിങ്കളാഴ്ച**
**വാള്യം 8 ലക്കം 36 പേജ് 10**
**കോളം 3-ൽനിന്ന് തുടർച്ച.....**

02.00 മണിവരെ ഹുദൂറിന്റെ പ്രഭാഷണം നീണ്ടുനിന്നു. ശേഷം ബയ്ത്തുസ്സലാം മസ്ജിദിന്റെ ശിലാസ്ഥാപന സ്ഥലത്തേക്ക് നീങ്ങിയ ഹുദൂർ ദുആകളോടുകൂടി ശിലയിട്ടു. തുടർന്ന് ഹുദൂറിന്റെ പ്രിയ പത്നിയും ഒരു കല്ലുവെച്ചു. അതിനു ശേഷം ചുവടെ പേര് ചേർക്കുന്ന ക്രമത്തിൽ ജമാഅത്ത് ഭാരവാഹികളും മറ്റുസഹോദരങ്ങളും ഓരോ കല്ല് വെച്ചു.

1. ആദരണീയ അബ്ദുല്ലാഹ് വാഗസ് ഹൌസർ സാഹിബ് നാഷണൽ അമീർ ജർമനി.
2. മിസ്റ്റർ തോമസ് ജംകെ. കൗണ്ടി കമ്മീഷണർ.
3. മിസ്റ്റർ മൈക്കിൾ ഷെഫ്ലർ പാർലമെന്റംഗം.
4. ഹൈമർ പട്ടണത്തിന്റെ മേയർ മിസ്റ്റർ മഖേൽ എസ്കെൻ
5. അബ്ദുൽ മാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ.
6. ഹയ്ദർ അലി സഫ്ർ സാഹിബ് മിഷണറി ഇൻചാർജ് ജർമനി.
7. മുബാറക്ക് അഹ്മദ് സഫ്ർ സാഹിബ് അഡീഷണൽ വക്കീലുൽ മാൽ.
8. മുനീർ അഹ്മദ് ജാവേദ് സാഹിബ് പ്രൈവറ്റ് സെക്രട്ടറി.
9. സയ്യിദ് സൽമാൻ ശാഹ് സാഹിബ് റിജ്യണൽ മുബല്ലിഗ്.
10. ചൗദ്രി ഇഫ്തിഖാർ അഹ്മദ് സാഹിബ് സ്വദ്ർ മജ്ലിസ് അൻസ്വാറുല്ലാഹ് ജർമനി.
11. ഹസനാത്ത് അഹ്മദ് സാഹിബ് സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി.
12. അമത്തുൽ ഹയ്യ് സാഹിബ, സ്വദ്ർ ലജ്നാ ഇമായില്ലാഹ് ജർമനി.
13. ഹിദായത്തുല്ലാഹ് ശാദ് സാഹിബ് നാഷണൽ സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി.
14. ചൗദ്രി അസ്മത്ത് അലി സാഹിബ് റീജ്യണൽ അമീർ.
15. റഊഫ് അഹ്മദ് സാഹിബ് സ്വദ്ർ ജമാഅത്ത് ഈസലോൺ.
16. ത്വാഹിർ മഹ്മൂദ് സാഹിബ് ലോക്കൽ സെക്രട്ടറി മാൽ വ സെക്രട്ടറി ളിയാഫത്ത്.
17. അബ്ദുൽ മാലിക്ക് സാഹിബ്, ജമാഅത്ത് അംഗം ഈസലോൺ.
18. മുഹമ്മദ് സ്വാദിഖ് നാസ്വിർ സാഹിബ് സയീം അൻസ്വാറുല്ലാഹ് ഈസലോൺ.
19. ബശാറത്ത് മഹ്മൂദ് സാഹിബ്, ഖാഇദ് മജ്ലിസ് ഈസലോൺ.
20. ശഹ്നാസ് അഖ്തർ സാഹിബ സ്വദ്ർ ലജ്ന ഈസലോൺ
21. ബശീർ ബീഗം സാഹിബ മെമ്പർ ലജ്നാ ഈസലോൺ.(സീനിയർ സിറ്റിസൻ മഹിളാ പ്രതിനിധി)
22. നാഇലാ മഹ്മൂദ് സാഹിബ വാഖിഫ നൌ.
23. ഫാറാൻ അഹ്മദ് മലിക്ക് സാഹിബ് വാഖിഫെ നൌ.

തുടർന്ന് ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ശേഷം ലജ്നാ പന്തലിലേക്ക് പോയ ഹുദൂർ അൻവർ ചെറിയ പെൺകുട്ടുകളുടെ പ്രാർഥനാ ഗാനങ്ങൾ ശ്രവിച്ചു. ഹുദൂർ കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി. തുടർന്ന് ചായസൽക്കാരം ഒരുക്കിയ പന്തലിലേക്ക് ഹുദൂർ പോയി. പ്രാദേശിക ഭാരവാഹികളും ആമിലാ അംഗങ്ങളും ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു.

02.35ന് ഇവിടെ നിന്നു ഹോട്ടലിലേക്ക് മടങ്ങിയ ഹുദൂർ അൻവറിന് ഉച്ചവിരുന്നും ഇവിടെ ഒരുക്കിയിരുന്നു.

**2015 ജൂണ് 09 ചൊവ്വാഴ്ച**

**മസ്ജിദ് ബയ്ത്തുസ്സലാമിന്റെ ശിലാസ്ഥാപന കർമം**

ഹുദൂർ അൻവറിന്റെ പ്രഭാഷണം;അതിഥികളുടെ പ്രതികരണങ്ങൾ

ബയ്ത്തുസ്സലാം മസ്ജിദിന്റെ ശിലാസ്ഥാപന കർമത്തിൽ ഹുദൂർ ചെയ്ത പ്രഭാഷണം അതിഥികളെ ആഴത്തിൽ സ്വാധീനിച്ചു. അതിഥികൾ അവരുടെ പ്രതികരണങ്ങൾ തുറന്നു പ്രകടിപ്പിക്കുകയും ചെയ്തു.

* ഒരതിഥി പറയുന്നു:ഹുദൂർ അൻവറിന്റെ വ്യക്തിത്വം വളരെയധികം ആശാവഹമാണെന്ന് തോന്നി. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഞാൻ വളരെ പ്രഭാവിതനാണ്. അദ്ദേഹം ഒരു സമാധാനകാംക്ഷിയാണ്. എല്ലാവരുമായും ആഴത്തിലുള്ള ബന്ധമുണ്ട്. ഇസ്ലാമിനെ വെറുക്കുന്നവർ ശരിയായ വിവരങ്ങൾ തേടാതെ തെറ്റായ വീക്ഷണം കൈക്കൊള്ളുന്ന, വെറുപ്പ് സൃഷ്ടിക്കുന്ന വിഡ്ഢിത്തപരമായ രീതി കൈക്കൊള്ളാൻ പാടില്ല.
* ഒരതിഥി പറയുന്നു:ഹുദൂർ അൻവറിന്റെ വ്യക്തിത്വത്തിൽ ഞാൻ പ്രഭാവിതനാണ്. വളരെ ഉന്മേഷം പകരുന്നതാണ് ഹുദൂറിന്റെ സാന്നിധ്യമെന്ന് മനസ്സിലാകുന്നു. എന്നാൽ, ഇസ്ലാമിനെ സംബന്ധിച്ച് എനിക്കൊ രിക്കലും ഒരു പ്രശ്നവുമുണ്ടായിട്ടില്ല. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന നിങ്ങളുടെ മുദ്രാവാക്യം സുപ്രധാന സന്ദേശമാണ്.

തദ്ദേശആശുപത്രി CEO പറയുന്നു:ഹുദൂറിന്റെ വ്യക്തിത്വം തികച്ചും ആവേശജനകമാണെന്ന് മനസ്സിലാകുന്നു. മനുഷ്യരോടുള്ള അടുപ്പം അദ്ദേഹത്തിൽനിന്ന് പ്രകടമാണ്. മീഡിയയിൽ കാണിക്കപ്പെടുന്ന ഇസ്ലാമികാധ്യാപനത്തിൽനിന്ന് തികച്ചും വിരുദ്ധമാണ് അദ്ദേഹം സമർപിച്ചത്. ഹുദൂറിന്റെ പ്രഭാഷണത്തിൽ നിന്ന് സവിശേഷമായ നിലയിൽ രണ്ടു കാര്യം നല്ലതായി തോന്നി. ഇവിടെ താമസിക്കുന്ന എല്ലാ മുസ് ലിമീങ്ങളും ക്രിസ്ത്യാനികളും മറ്റും ജർമൻകാരാണ്. ഇവരിൽ ഒരുവിധ വിവേചനവുമില്ല. ആദ്യഭാഗമായ മനുഷ്യരോടുള്ള ബന്ധം ശരിയാക്കുന്നതുവരെ ദൈവത്തോടുള്ള ബന്ധവും ആരാധനയും പ്രയോജനകരമാകുകയില്ല എന്നതാണ് രണ്ടാമത്തെ കാര്യം.

* ഒരു സ്നേഹിതൻ മുഹ്സ് ജോസഫ് പറയുന്നു:വളരെയധികം സമാധാനകാംക്ഷിയും ആദരണീയനുമാണ് ഹുദൂർ. അദ്ദേഹത്തിന്റെ സാന്നിധ്യം മഹനീയമാണ്. നിങ്ങളുടെ ഖലീഫയെ നിങ്ങൾ വളരെയധികം സ്നേഹിക്കുന്നുവെന്നത് എനിക്ക് വളരെ നന്നായിത്തോന്നി. ഈ പ്രദേശം മനോഹരംതന്നെ. എന്നാൽ, സ്വയം നല്ലവനായിക്കൊണ്ട് ഈ പ്രദേശത്തെ മനോഹരമാക്കാനും പ്രദേശത്തിനു പ്രയോജനപ്പെടുന്ന വ്യക്തിയായി മാറുന്നതുമാണ് നല്ലതെന്ന കാര്യം എനിക്ക് വളരെ ഇഷ്ടമായി.
* ബ്രിഗിട്ടെ സാഹിബ പറയുന്നു:അങ്ങയുടെ സാന്നിധ്യം പോപ്പിനെ പോലെയാണ്. അതായത് മതപരമായ മാർഗദർശിയാണ്. അങ്ങയുടെ ഉള്ളിൽ വിസ്മയിപ്പിക്കുന്ന ഒരു ശക്തിയും ആകർഷണവും നിലകൊള്ളുന്നുണ്ട്. ദൈവവുമായി അങ്ങയ്ക്കുള്ള സവിശേഷബന്ധം മനസ്സിലാകുന്നുണ്ട്. ആന്തരികമായ സൗന്ദര്യമാണ് യഥാർഥമായതെന്ന അങ്ങയുടെ പ്രഭാഷണത്തിലെ വാക്കുകൾ എനിക്ക് വളരെ ഇഷ്ടമായി.
* നഗരത്തിലെ ഇന്റഗ്രേഷൻ ഓഫീസംഗം എർബിൽ എറൻസാഹിബ പറയുന്നു:

ഈ പരിപാടി വിജയമായിരുന്നു. ഹസ്തദാനം ചെയ്യാതിരുന്നാലും സമൂഹത്തിന് പുരോഗതി കൈവരിക്കാൻ സ്വഭാവരംഗത്ത് കൈയോടു കൈ ചേർന്ന് പ്രവർത്തിക്കൽ അനിവാര്യമാണെന്ന് ഇന്നെനിക്ക് ബോധ്യമായി. വളരെ അനുകമ്പാപൂരിതമാണ് ഹുദൂറിന്റെ വ്യക്തിത്വമെന്ന തോന്നൽ ഉളവാക്കുന്നുണ്ട്. വളരെ മികച്ചതായിരുന്നു അങ്ങയുടെ വാക്കുകൾ. വിശിഷ്യാ ആന്തരിക സൗന്ദര്യത്തെ കുറിച്ചു പ്രതിപാദിച്ചത്.

ഒരു സ്ത്രീയും ഒരു പുരുഷ പോലീസ് ഉദ്യോഗസ്ഥനും ഈ പരിപാടിയിൽ പങ്കെടുക്കാനെത്തിയിരുന്നു. അവർ പറയുന്നു:ഹുദൂർ സദസ്സിലുണ്ടായിരിക്കെ മറ്റുള്ള പ്രഭാഷകരുടെ വാക്കുകൾ നോട്ടുചെയ്യുകയും പ്രസ്തുത കാര്യങ്ങളുടെ വെളിച്ചത്തിൽ തന്റെ പ്രഭാഷണം നിർവഹിക്കുകയും ചെയ്തു. ഇത് ഞങ്ങൾക്ക് വളരെ നല്ലതായിത്തോന്നി. പ്രസംഗകരുടെ വാക്കുകൾ ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനത്തിന്റെ വെളിച്ചത്തിൽ വിവരിച്ചു. ഇതുതന്നെയാണ് യഥാർഥ ഉദ്ഗ്രഥനം അഥവാ Integration.

* വനിത പോലീസ് ഓഫീസർ:ഞങ്ങൾ പോലീസുകാർ കാണുന്ന ഇസ്ലാം തീവ്രതയും കാഠിന്യവുമുള്ളതാണ്. എന്നാൽ, ഞാൻ ഖലീഫത്തുൽ മസീഹ് ഇസ്ലാമിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ശ്രവിച്ചു. ഖലീഫത്തുൽമസീഹ് സമർപിച്ചതുതന്നെയാണ് യഥാർഥ ഇസ്ലാം.

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)**



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

അതുകൊണ്ട് ഈ ഇസ്‌ലാം സുനിശ്ചിതമായും അതിവേഗം വ്യാപിക്കും. ഈ ഇസ്‌ലാമിന്നെതിരിൽ ഒരു മനുഷ്യമനസ്സിലും മറ്റൊന്നും ഉണ്ടാകാൻപാടില്ല.

* വൃദ്ധനും പിറേറ്റസ് പാർട്ടിഅംഗവും പാർട്ടിയിൽ സ്വാധീനമുള്ള വ്യക്തിയും ഈ പരിപാടിയിൽ വളരെ ആകർഷിതനായി. അദ്ദേഹം പറഞ്ഞു:ഹുദൂറിന്റെ മുഖകമലത്തിൽ ഒരു സവിശേഷ ശാന്തിയും സമാധാനവും ദൃശ്യമാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം വളരെ ശ്രേഷ്ഠതരമായിരുന്നു.

* തുർക്കിയിലെ നമ്മുടെ ജമാഅത്തിനെ കുറിച്ച് അറിയുന്ന വൃദ്ധസദനത്തിലെ അന്തേവാസിയായ ഒരു സ്നേഹിതൻ പറയുന്നു:അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് തുർക്കികളെപ്പോഴും ആശങ്ക പ്രകടിപ്പിക്കാറുണ്ട്. എന്നിട്ടും ഞാൻ ഈ പരിപാടിയിൽ പങ്കെടുത്തു. ഖലീഫയുടെ പ്രഭാഷണം ശ്രവിച്ചു. ഈ പ്രഭാഷണത്തിൽ ഞാൻ വളരെ പ്രഭാവിതനാണ്. നമ്മളെല്ലാവരും ചേർന്ന് മനുഷ്യത്വത്തിനുവേണ്ടി ഒരു സമൂഹമായി പ്രവർത്തിക്കണമെന്ന ഖലീഫയുടെ വാക്ക് എനിക്ക് വളരെ ഇഷ്ടമായി.

* ഒരു പാർട്ടിയംഗം പറഞ്ഞു:ഇവിടെ നടന്ന ശ്രമദാനപരമായ പ്രവർത്തനങ്ങൾ ഞങ്ങളുടെ പാർട്ടിയിലെ വലിയ വലിയ പരിചയസമ്പന്നർക്കുപോലും ചെയ്യാൻ സാധിക്കാത്തത്ര മികച്ചതായിരുന്നു. പങ്കെടുത്ത ഭൂരിപക്ഷംപേരും പരിപാടി വളരെ നല്ലതായിരുന്നുവെന്ന് തുറന്നു പറഞ്ഞിരുന്നു.

**ബയ്ത്തുൽ ഖാദിർ മസ്ജിദിന്റെ ഉദ്ഘാടനം**

ഹുദൂർ അൻവർ വെച്ട്ട പട്ടണത്തിൽ 04.30ന് താമസസ്ഥലമായ ഹോട്ടലിൽനിന്നു പുറത്തുവന്ന ഹുദൂർ അയ്യദഹുല്ലാഹ് ഇസർലോൺ പട്ടണത്തിൽ നിന്ന് 201 കിലോമീറ്റർദൂരത്തിൽ സ്ഥിതിചെയ്യുന്ന വെച്ട്ട പ്രദേശത്തേക്ക് പുറപ്പെട്ടു. ഏകദേശം ഒരു മണിക്കൂർ 50 മിനുറ്റ് യാത്രക്കുശേഷം 06.20ന് മസ്ജിദ് ബയ്ത്തുൽഖാദിർ അങ്കണത്തിൽ സംഘം പ്രവേശിച്ചു. സ്ത്രീകളും പുരുഷന്മാരും കുട്ടികളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് സ്വാഗതമോതാൻ കാത്തുനിന്നിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും പ്രാർഥനാഗാനങ്ങളും സ്വാഗത ഗീതങ്ങളും ആലപിച്ചു. തക്ബീർ ധ്വനികളും മുദ്രാവാക്യങ്ങളുംകൊണ്ട് അന്തരീക്ഷം മുഖരിതമായി. സ്ത്രീകളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കൺകുളിർക്കെ കണ്ടു.വാഹനത്തിൽനിന്ന് പുറത്തുവന്നതും റീജ്യണൽ അമീർ മുബശ്ശിർ അഹ്മദ് സാജിദ് സാഹിബും ജമാഅത്ത് സ്വദ്ർ നസീർ അഹ്മദ് സാഹിബും റീജ്യണൽ മിഷണറി ഉഥ്മാൻ നവീദ് സാഹിബും ചേർന്ന് ഹുദൂറിനെ വരവേറ്റു. ഹസ്തദാനം സ്വീകരിക്കുകയും ചെയ്തു. തന്റെ തിരുകൈകളുയർത്തി ഹുദൂർ എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. ഈയവസരത്തിൽ വെച്ട്ട പട്ടണത്തിന്റെ ഡെപ്യൂട്ടി മേയർ മിസ്റ്റർ ക്ലൗസ് ഡാലിംഗൌസ് സംസ്ഥാന പാർലമെന്റംഗം മിസ്റ്റർ സ്റ്റീഫൻ സീമർ എന്നിവർ ഹുദൂറിനെ വരവേൽക്കുകയും ഹസ്തദാനം സ്വീകരിക്കുകയും ചെയ്തു.

തുടർന്ന് മസ്ജിദിന്റെ പുറം ചുവരിൽ സ്ഥാപിച്ചിട്ടുള്ള ഫലകം അനാവരണം ചെയ്ത ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ച് മസ്ജിദിന്റെ ഉദ്ഘാടനം നിർവഹിച്ചു.

മസ്ജിദിന്റെ പുറാങ്കണത്തിൽ ഹുദൂർ ചെറിയുടെ ചെടി നട്ടു. വെച്ട്ട നഗരസഭ ഡെപ്യൂട്ടി മേയർ മിസ്റ്റർ ക്ലൗസ് ഡാലിംഗൌസ് പേരച്ചെടിയും നടുകയുണ്ടായി.

* തുടർന്ന് നടന്ന ഉദ്ഘാടന പരിപാടിക്കുവേണ്ടി സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ പന്തലുകൾ സജ്ജീകരിച്ചിരുന്നു. പുരുഷന്മാരുടെ പന്തലിൽ ഹുദൂർ ഉപവിഷ്ടരായി. മലിക്ക് ഉഥ്മാൻ നവീദ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ മസ്ജിദ് ബയ്ത്തുൽഖാദിറിന്റെ ഉദ്ഘാടന പരിപാടി ആരംഭിച്ചു. ജർമൻ തർജമ റമീസ് അ്ഹമദ് സാഹിബ് കേൾപ്പിച്ചു.

**ജർമൻ അമീർ സാഹിബിന്റെ ആമുഖ ഭാഷണം**

വെച്ട്ട പട്ടണത്തെ പരിചയപ്പെടുത്തിക്കൊണ്ടാണ് ജർമൻ അമീർ സാഹിബ് തന്റെ ഭാഷണം ആരംഭിച്ചത്.

നീഡർസാച്ച്സൺ ഫെഡറൽ സ്റ്റേറ്റിന്റെ പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന ഈ പട്ടണത്തിന്റെ ജനസംഖ്യ 32000 ആണ്. ജില്ലയിലെ ഏറ്റവും വലിയ പട്ടണമാണ് വെച്ട്ട ഇതിന്റെ ചരിത്രം പതിനൊന്നാം നൂറ്റാണ്ടിൽനിന്നാരംഭിക്കുന്നു. വടക്കൻ ജർമനിയുടെ അതിർത്തി വഴികളിലൊന്നിൽ ഒരു കോട്ട നിർമിക്കപ്പെട്ടു. ഈ കോട്ടയുടെ ചുറ്റും ക്രമേണ ജനങ്ങൾ താമസിക്കാൻ തുടങ്ങി.

പതിനാറാം നൂറ്റാണ്ടിൽനടന്ന ചില വിദേശ ആക്രമണങ്ങളിലും 30 വർഷം നീണ്ട യുദ്ധത്തിലും കൂടാതെ ഒരവസരത്തിൽ പടർന്നുപിടിച്ച തീപ്പിടത്തത്തിലും ഈ പട്ടണത്തിന്റെ ഭൂരിഭാഗവും നശിച്ചിരന്നു എങ്കിലും തുടർന്ന് വെച്ട്ട പട്ടണവാസികൾ ഇതിനെ വീണ്ടും താമസയോഗ്യമാക്കി.

കുതിരസവാരിയിലും ഈ പട്ടണം പ്രസിദ്ധമാണ്. 1924-മുതൽ ഓരോ ഉഷ്ണവർഷത്തിലും നടന്നു വരുന്ന പൊതുജനമേള കാരണത്താലും ഈ പട്ടണം പ്രസിദ്ധമാണ്. 1989-ൽ ഈ പട്ടണത്തിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായി. അങ്ങനെ ബഹുമാനപ്പെട്ട ലയീഖ് അഹ്മദ് മുനീർ സാഹിബ് മുബല്ലിഗ് ഇവിടെയെത്തി. തുടക്കത്തിൽ ജമാഅത്തിൽ ഏഴംഗങ്ങളാണുണ്ടായിരുന്നത്. വളരെ ഊർജ്ജസ്വലതയോടെ ജമാഅത്ത് ഇവിടെ പ്രവർത്തിച്ചു. ഇപ്പോൾ അത്യുന്നതനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശക്തിയോടും ഊർജസ്വലതയോടുംകൂടി പ്രവർത്തിക്കുന്ന ജമാഅത്താണിത്. സൃഷ്ടിസേവനവുമായി ബന്ധപ്പെട്ടും വനവൽക്കരണവുമായി ബന്ധപ്പെട്ടും ഈ ജമാഅത്ത് വളരെയധികം പ്രവർത്തിച്ചിരുന്നു. പ്രചാരണപരമായ പ്രോഗ്രാമുകളും മീറ്റിംഗുകളും ബുക്ക് സ്റ്റാളുകളും സംഘടിപ്പിക്കുന്നതിൽ ഇവർ സക്രിയരാണ്.

മസ്ജിദിന്റെ സ്ഥലം 2010-ൽ വാങ്ങി. ഇതിന്റെ വിസ്തൃതി 1998 ചതുരശ്ര മീറ്ററാണ്. 55000 യൂറോക്കാണ് ഇത് വാങ്ങിയത്.

2011 ഒക്ടോബർ 11-ന് ഹുദൂർ അയ്യദഹുല്ലാഹുത്തആല ബി നസ്രിഹിൽഅസീസ് മസ്ജിദിന്റെ തറക്കല്ലിട്ടു. 2013 ഒക്ടോബറിൽ ഇവിടെ നിർമാണ പ്രവർത്തനം ആരംഭിച്ചു. മസ്ജിദിന് രണ്ട് ഹാളുണ്ട്. ചുറ്റുമതിൽ ഏരിയ 257 ചതുരശ്ര മീറ്ററാണ്. മിനാരത്തിന്റെ ഉയരം 9 മീറ്ററാണ്. ഗുംബദിന്റെ വിസ്താരം 6 മീറ്ററാണ്. 12 വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമുണ്ട്. ഇന്ന് ജൂൺ 09 ചൊവ്വാഴ്ച മസ്ജദിന്റെ ഉദ്ഘാടനമാണ്.

**ബയ്ത്തുസ്സലാം മസ്ജിദിന്റെ ഉദ്ഘാടനവും ജർമൻ അമുസ്‌ലിം അതിഥികളുടെ പ്രസംഗങ്ങളും**

ഡെപ്യൂട്ടി മേയർ മിസ്റ്റർ ക്ലൗസ് ഡാലിംഗൌസ്)തുടർന്ന് സദസ്സിനെ അഭിമുഖീകരിച്ചു:

ബഹുമാനപ്പെട്ട ഖലീഫത്തുൽമസീഹ്, എനിക്കിവിടെ ക്ഷണം ലഭിച്ചതിൽ ഞാൻ അങ്ങയോടു നന്ദി പറഞ്ഞുകൊള്ളുന്നു. വെച്ട്ട പട്ടണത്തെ കുറിച്ച് വളരെ മനോഹരമായ രീതിയിൽ ഇവിടെ സമർപ്പിച്ചതിലും എനിക്കു നന്ദിയുണ്ട്. മസ്ജിദിന്റെ ഉദ്ഘാടനം താങ്കൾക്കും നമുക്കും തികച്ചും സവിശേഷതയുള്ളതാണ്. ഈ അവസരത്തിൽ നഗരഭരണകൂടത്തിന്റെ ഭാഗത്തുനിന്നു ശുഭാംശംസാ സന്ദേശം നേരുന്നു. വെച്ട്ട അഹ്മദിയ്യാ ജമാഅത്തിന് ഈ മസ്ജിദ് സവിശേഷ പ്രാധാന്യമുള്ളതാണ്. പരസ്പരം കാണുന്ന സ്ഥലം മാത്രമല്ല ഇത്. ഇതര മതങ്ങൾ ഈ പട്ടണത്തിന്റെ ഭാഗമായതുപോലെ ഇസ്‌ലാമും ഈ സമൂഹത്തിന്റെ ഭാഗമാണ്.

ഇവിടെ അഹ്മദിയ്യാ മസ്ജിദ് നിർമിതമായതോടെ ഇപ്പോൾ വെച്ട്ട പട്ടണം ജമാഅത്തിന്റെ സ്വന്തം നാടായി. ഒരു സ്ഥലം മനുഷ്യന്റെ സ്വന്തം സ്ഥലമാകുമ്പോൾ അവരവിടെ കൂടുതൽ ഉദ്ഗ്രഥനത്തിനു വിധേയമാകുന്നു. എല്ലാവരേയും അംഗീകരിക്കുകയും സൗഹൃദത്തോടെ കഴിയുകയും ഇതരരോടു വെറുപ്പ് പുലർത്താതിരിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. പറയുന്നത് യഥാർഥ രൂപത്തിൽ നടപ്പിലാക്കുന്നുവെന്ന ഒരു സവിശേഷതകൂടി അഹ്മദിയ്യാ ജമാഅത്തിനുണ്ട്. അവർ എല്ലാവരോടും സ്നേഹത്തോടെ പെരുമാറുന്നു.

അഭിവന്ദ്യരായ ഖലീഫത്തുൽമസീഹ്, സുഖസൗഖ്യത്തോടെ മടങ്ങിപ്പോവുകയും ഇനിയും വീണ്ടും ഇവിടെ നമ്മുടെ അടുക്കൽ തീർച്ചയായും വരികയും വേണം. ഒടുവിൽ ഞാൻ ഖലീഫത്തുൽ മസീഹിനെ ആദരിക്കാനാഗ്രഹിക്കുകയാണ്.

തുടർന്ന് അദ്ദേഹം ഹുദൂറിന്റെ തിരുസന്നിധിയിൽ ഒരു സുവനീർ ഉപഹാരമായി സമർപിച്ചു. അദ്ദേഹത്തിന്റെ പ്രസംഗത്തിനു ശേഷം സംസ്ഥാന പാർലമെന്റംഗം മിസ്റ്റർ സ്റ്റീഫൻ സീമർ സദസ്സിനെ അഭിമുഖീകരിച്ചു:

അഭിവന്ദ്യരായ ഖലീഫത്തുൽമസീഹ്,

**• ഹദീഥുന്നബ്‌വി(സ) •**

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം: •**

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

**ത്വാലിബെ ദുആ:**
**C.K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

മസ്ജിദുദ്ഘാടന പരിപാടിയിൽ ക്ഷണിച്ചതിന് ഞാനാദ്യം അങ്ങയ്ക്ക് നന്ദി പറയുന്നു. സംസ്ഥാന അസംബ്ലി അംഗമാണ് ഞാൻ. ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കാറുണ്ട്. നിങ്ങളുടെ വെച്ചട്ടയിലെ പ്രവർത്തനങ്ങളുടേയും അധ്വാനത്തിന്റേയും ഫലമാണ് മസ്ജിദ് നിർമാണത്തിന്റെ രൂപത്തിൽ ലഭിച്ചിട്ടുള്ളത്. നിങ്ങൾക്ക് സ്വന്തം മതാധ്യാപനമനുസരിച്ച് ഇവിടെ ആരാധന നിർവഹിക്കാൻ സാധിക്കും.

നിങ്ങൾ നല്കിയ ക്ഷണക്കത്തിൽ ശാന്തി, സമാധാനം, ഹൃദയവിശാലതയിലധിഷ്ഠിതമായ സംഭാഷണം, മനുഷ്യകുലത്തിന് സഹായവും സേവനവും നൽകൽ തുടങ്ങിയ വികാരങ്ങളെക്കുറിച്ച് സ്മരിച്ചിരുന്നു. ഇതുവിഷയകമായി സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ പ്രദേശത്ത് വിവിധ മതസ്ഥർ താമസിക്കുന്നു. പ്രൊട്ടസ്റ്റന്റ്, കത്തോലിക്ക വിഭാഗക്കാർ എണ്ണത്തിൽ വളരെ കൂടുതലാണ്. വിവിധ മതങ്ങൾക്കിടയിൽ ഇക്കാലഘട്ടത്തിൽ വലിയ പ്രശ്നങ്ങൾ നിലവിലുണ്ട്. മതങ്ങൾ പരസ്പരം അടുത്തു വരുമ്പോൾ പ്രശ്നങ്ങളുണ്ടാകുന്നു.

പരസ്പര സഹവർത്തിത്വത്തോടെ വസിക്കേണ്ടത് വളരെ അനിവാര്യമാണ്. എല്ലാ മതസ്ഥരും സ്വന്തം രീതികളനുസരിച്ച് ജീവിതം നയിക്കുക. പരസ്പരം സ്നേഹത്തോടെ വർത്തിക്കുക. യുദ്ധങ്ങൾ നിലനിന്നിരുന്ന കാലങ്ങൾ മടങ്ങി വരാതിരിക്കാൻ നമ്മൾ ശ്രമിക്കേണ്ടതുണ്ട്. യുദ്ധങ്ങൾ നിലനിന്നിരുന്ന ഒരു കാലം ജർമനിയിലുണ്ടായിരുന്നു.

അവസാനമായി ക്ഷണിച്ചതിനും ഈ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞതിലും ഞാനൊരിക്കൽകൂടി നന്ദി പറഞ്ഞുകൊള്ളുന്നു.(തുടരും)

---

(പേജ് 7 ൽനിന്ന്)

കിട്ടുന്നത്. വിശ്വാസി ഇവിടേയും പരലോകത്തും പ്രതിഫലം പറ്റുമ്പോഴാണിത്. ഇതാണ് മതാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലം.

മറ്റൊരു നാസിറ ചോദിച്ചു: അവൾ സ്കൂളിൽ ഭീകരവാദത്തെ കുറിച്ച് പഠിക്കുന്നുണ്ട്. ഇസ്ലാമിന് ഭീകരവാദവുമായി ഒരു ബന്ധവുമില്ല. അവൾ ചോദിച്ചു: ഇസ്ലാമിന് ഭീകരവാദവുമായി ഒരു ബന്ധവുമില്ലെന്ന് എങ്ങനെയാണ് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക? ഇതിന്റെ മറുപടിയിൽ ഹുദൂർ അൻവർ റഞ്ഞു: ഇസ്ലാമികാധ്യാപനങ്ങൾക്ക് ഭീകരവാദവുമായി ഒരു ബന്ധവുമില്ല. അല്ലാഹു വിശുദ്ധഖുർആനിൽ വളരെ വ്യക്തമായി പറയുന്നു:ഒരു മനുഷ്യനെ കൊല്ലുന്നത് മുഴവൻ മനുഷ്യരേയും കൊല്ലുന്നതിന് തുല്യമാണ്. ഒരു മനുഷ്യന്റെ ജീവൻ രക്ഷിക്കുക എന്നത് മുഴുവൻ മനുഷ്യരുടേയും ജീവൻ രക്ഷിച്ചതുപോലെയാണ്. വിശുദ്ധ ഖുർആൻ പറയുന്നു:ഒരു നിരപരാധിയായ മനുഷ്യനെ വധിക്കുന്നത് നിങ്ങളെ നരകത്തിൽ കൊണ്ടുപോകുന്നതായിരിക്കും. വിശുദ്ധ ഖുർആൻ പറയുന്നു:ഒരു മുഅ്മിനെ വധിക്കുക എന്നത് നിങ്ങളെ നരകത്തിൽകൊണ്ടുപോകുന്നതായിരിക്കും. പക്ഷേ, മുസ്ലിമീങ്ങളെന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? മുസ്ലിമീങ്ങൾ പരസ്പരം കൊന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പരസ്പരം കൊലപ്പെടുത്തിക്കൊണ്ടിരിക്കുന്നവരെല്ലാം വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിലും നബി(സ)തിരുമേനിയുടെ ഹദീഥുകളുടെ അടിസ്ഥാനത്തിലും നരകത്തിലാണുള്ളത്.

ഹദൂർ അൻവർ തുടർന്നു പറഞ്ഞു: നിങ്ങൾക്ക് വാളുകൾമുഖേന ഇസ്ലാമിനെ പ്രചരിപ്പിക്കാൻ അനുവാദമില്ലെന്ന് ഇസ്ലാം വിവരിക്കുന്നു. എത്രത്തോളമെന്നാൽ ശത്രുക്കെതിരിൽ വാളെടുത്ത് യുദ്ധം ചെയ്യാൻ സൂറത്ത് ഹജ്ജിൽ അനുവാദം നല്കപ്പെട്ടപ്പോൾ അതിൽ വളരെ വ്യക്തമായും പറഞ്ഞു, ഇസ്ലാമിന്റെ ശത്രുക്കളോടു പകരം വീട്ടാൻ നിങ്ങൾക്ക് (ശത്രുക്കൾക്കെതിരിൽ) യുദ്ധം ചെയ്യാൻ അനുവാദം നല്കപ്പെട്ടിരിക്കുന്നു, കാരണം ഇപ്പോൾ നിങ്ങളവരെ വിട്ടയച്ചാൽ അവരെന്തുതന്നെ ചെയ്താലും പിന്നീട് നിങ്ങൾ ഭൂമിലോകത്ത് ഒരു മതവും കാണുകയില്ല. നിങ്ങൾ ജൂതപ്പള്ളികളും ചർച്ചുകളും അമ്പലങ്ങളും മസ്ജിദുകളുമൊന്നും സുരക്ഷിതമായി കാണുകയില്ല. ഇവിടെ ഈ പ്രതിരോധ യുദ്ധത്തിന്റെ കൽപന നല്കപ്പെട്ടിരിക്കുന്നത്, ഇസ്ലാമിന്റെ സംരക്ഷണത്തിനുവേണ്ടിയല്ല, അല്ലെങ്കിൽ ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിനുവേണ്ടിയല്ല. പ്രത്യുത എല്ലാ മതങ്ങളുടേയും സംരക്ഷണത്തിനുവേണ്ടിയാണ്. ഇസ്ലാം എല്ലാതരത്തിലുള്ള ഭീകരവാദത്തിനുമെതിരാണ്.

ഹുദൂർ അൻവർ പറഞ്ഞു:ഇക്കാലത്തുള്ള ആളുകൾ ഇസ്ലാമിന്റെ പേരിൽ എന്തൊന്നാണോ ചെയ്തുകൊണ്ടിരിക്കുന്നത് അവർ യഥാർഥത്തിൽ ഇസ്ലാമിന് ദുഷ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത്. അവർ തങ്ങളുടെ നേട്ടത്തിനുവേണ്ടി ഖുർആനിക വചനങ്ങൾ തെറ്റായി വ്യാഖ്യാനിക്കുന്നു. ആയുധമെടുത്തുള്ള ജിഹാദിന് അനുവാദമുണ്ടെന്നും അതു ഇസ്ലാമികാധ്യാപനങ്ങളുടെ ഭാഗമാണെന്നുമുള്ള നിലയിൽ സ്ഥാപിക്കുന്നു. ഞാൻ മുമ്പേ വിവരിച്ചു കഴിഞ്ഞതുപോലെ ഇസ്ലാം എല്ലാ മതങ്ങളേയും കാത്തുസൂക്ഷിക്കുന്നു. അതിന് ഭീകരവാദവുമായോ, തീവ്രവാദവുമായോ, അല്ലെങ്കിൽ മറ്റുമതങ്ങളെ നശിപ്പിക്കുന്നതും വാളിന്റെ ശക്തിയാൽ ഇസ്ലാം പ്രചരിപ്പിക്കുന്നതുമായോ ഒരു ബന്ധവുമില്ല.

മറ്റൊരു നാസിറ ചോദിച്ചു:ഇസ്ലാം-അഹ്മദിയ്യത്തിന്റെ സേവനത്തിൽ ശഹീദായ സയ്യിദ് ത്വാലിഅ് അഹ്മദിനെപ്പോലെ എങ്ങനെയാണ് ആകാൻ കഴിയുക? ഹുദൂർ അൻവർ പറഞ്ഞു:കഠിനാധ്വാനത്തോടെ അഹ്മദിയ്യ മുസ്ലിം ജമാഅത്തിനുവേണ്ടി പ്രവർത്തിക്കുക. അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കുക. ഒരു സത്യവിശ്വാസിനിയും അഹ്മദി പെൺകുട്ടിയും എന്ന നിലയിൽ സ്വന്തം ജീവിതമാതൃക കാഴ്ചവെക്കുക; ആളുകൾ നിങ്ങളെ കണ്ട്, ഇവർ അഹ്മദി പെൺകുട്ടികളാണെന്നും യഥാർഥമായ ഇസ്ലാമികാധ്യാനങ്ങളനുസരിച്ച് ജീവിക്കുന്നവരാണെന്നും കാണുന്നതിനും പറയുന്നതിനുംവേണ്ടി. ശഹാദത്തിന്റെ ബന്ധം, ആ സ്ഥാനത്തിന്റെ ഭാഗ്യം അവനാർക്കാണ് നല്കേണ്ടത്!നമ്മൾ കുറഞ്ഞപക്ഷം ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നമ്മുടെ ഉത്തരവാദിത്വം നിറവേറ്റേണ്ടതാണ്. നല്ല മുഅ്മിനാണെന്നും നല്ല മുസ്ലിമാണെന്നും പ്രകടമാക്കേണ്ടതാണ്.(2021 നവംബർ 16 അൽഫള്ൽ ഇന്റർനാഷണൽ പത്രം)

---

(പേജ് 1 ൽനിന്ന്)

ത്തിന് നൂറ് തലയുണ്ട്. ഓരോ തലയിലും ഓരോ വായുണ്ട്. ഓരോ വായിലും നൂറ് നാവുണ്ട്. ഓരോ നാവും നൂറുനൂറുപ്രാവശ്യം അല്ലാഹുവിനെ സ്തുതിക്കുന്നു. അവർ ഈ നിവേദനം വിവരിച്ചുകൊണ്ട് മനസ്സിലാക്കിയിരിക്കുന്നത് ഇപ്രകാരം അല്ലാഹുവിനോടുള്ള തസ്ബീഹിന്റെ കടമ നിറവേറ്റപ്പെടുമെന്നാണ്. വാസ്തവത്തിൽ ആ തസ്ബീഹിനെക്കാൾ കൂടുതൽ നബി(സ)തിരുമേനിയുടെ ഉമ്മത്തുതന്നെ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. മുഴലോകത്തും മുസ്ലിമീങ്ങൾ പടർന്നു പന്തലിച്ചിരിക്കുകയാണ്. ആയിരക്കണക്കിന് ഭാഷകൾ സംസാരിക്കുന്നു. എല്ലാ ഭാഷയിലും ആ ദിവ്യാത്മാവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്നു.

ആദരണീയരായ ഉസ്താദ് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)ഇവിടെ റൂഹിന്റെ അർഥം ദൈവിക ഗ്രന്ഥമെന്നാണ് ചെയ്യാറുണ്ടായിരുന്നത്. ഈ അർഥം മുകളിൽപറഞ്ഞ എല്ലാ അർഥങ്ങളെക്കാളും മികച്ചതാണ്. കൂടുതൽ ശരിയുമാണ്. കാരണം ഇതിനുമുമ്പേയും ഈ ആയത്തിനുശേഷവും വിശുദ്ധ ഖുർആനെ കുറിച്ചുതന്നെയാണ് പറയുന്നത്. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്ലവണ്ണം വ്യക്തമാക്കിക്കൊണ്ട് ഈ ആയത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അർഥം മനുഷ്യന്റെ ആത്മാവ് എന്നുതന്നെയാണ്. അവിടന്ന് പറഞ്ഞു: ഈ ആയത്തിൽ ആത്മാവിനെ സംബന്ധിച്ച് വളരെ വലിയ തത്ത്വമാണ് വിവരിക്കപ്പെട്ടിരിക്കുന്നത്.

ആത്മാവെന്താണെന്ന് ആളുകൾ ചോദിക്കുന്നുവെന്ന് ഈ ആയത്തിൽ പറഞ്ഞിരിക്കുന്നു. ഇതുസംബന്ധമായി ഹദീഥുകളിൽ വിവിധ നിവേദനങ്ങൾ വരുന്നുണ്ട്. ഈ ചോദ്യം മദീനയിലെ യഹൂദികൾ ചോദിച്ചതാണെന്ന് ചിലർ എഴുതിയിരിക്കുന്നു. എന്നാൽ, ഇതിന്നെതിരിൽ ഈ സൂറത്ത് മക്കിയാണെന്നകാര്യം സമർപ്പിക്കപ്പെടുന്നു. ഇതിനു മറുപടി അവർ നല്കുന്നത് ആ സൂറത്തിലെ ചില വചനങ്ങൾ മദനിയാണെന്നാണ്. (എന്നാൽ, ഞാൻ മുകളിൽ വിവരിച്ചു വന്നതുപോലെ ഇതു ശരിയല്ല)

ചലർ പറഞ്ഞു, ഈ ചോദ്യം ആദ്യം മക്കയിലാണുണ്ടായത്. പിന്നീട് വീണ്ടും മദീനയിലുണ്ടായി. ഈ ചോദ്യം ആദ്യം മദീനയിലാണ് ഉന്നയിക്കപ്പെട്ടതെന്നത് അബ്ദുല്ലാഹ് ബിൻ മസ്ഊദിന്റെ നിവേദനമാണ്, ഈ സൂറത്ത് മക്കിയാണെന്നതിന്റെ റാവിയും അദ്ദേഹം തന്നെയാണെന്നതാണ് വിസ്മയകരമായ കാര്യം. ഇതിനുള്ള മറുപടി ചില ഉലമാ നല്കിയിട്ടുള്ളത് ഇതേ ചോദ്യം വീണ്ടും മദീനയിലുമുണ്ടായിട്ടുണ്ടാകുമെന്നാണ്.

ഇതിനെ മക്കയിലെ നിവേദനമായി പറയുന്ന ആളുകൾ പറയുന്നത്, മക്കയിലെ ചിലയാളുകൾ മദീനയിൽ പോയിരുന്നു. അവിടെ പോയി അവർ യഹൂദികളോടു നബി(സ)തിരുമേനിയെ കുറിച്ച് പറഞ്ഞു. അവർ പറഞ്ഞു, ഇപ്രകാരം ഒരു നുബുവ്വത്ത് വാദി ഞങ്ങളിൽ എഴുന്നേറ്റിരിക്കുന്നു. അയാളുടെ കളവ് പ്രകടമാകാൻ ഞങ്ങൾ അയാളോടു എന്താണ് ചോദിക്കേണ്ടത്? അവർ മറുപടി പറഞ്ഞു:ആത്മാവിനേയും ഗുഹാവാസികളേയും ദുൽഖർനയ്നേയും കുറിച്ച് അവരോടു ചോദിക്കുക. അതുകേട്ട് അവർ മക്കയിൽ മടങ്ങിയെത്തി നബി(സ)തിരുമേനിയോടു ഇതു ചോദിച്ചു, അപ്പോൾ ഈ ആയത്തിറങ്ങി.

എന്റെ അഭിപ്രായത്തിൽ ആദ്യതവണ ഈ ചോദ്യം മക്കയിലാണുണ്ടായത്. അവിടെത്തന്നെ അതിന് മറുപടിയും കിട്ടി. മദീനയിലും യഹൂദികൾ ഇത് ചോദിച്ചിട്ടുണ്ടാകാൻ സാധ്യതയുണ്ട്. എന്നല്ല ഉറപ്പായും ചോദിച്ചിട്ടുണ്ടാകും. കാരണം യഹൂദികളുടെ പ്രേരണയാലാണ് ഈ ചോദ്യമുണ്ടായത്. അപ്പോൾ അവരും തീർച്ചയായും ചോദിച്ചിട്ടുണ്ടാകും. എന്നാൽ, ഈ ആയത്ത് വീണ്ടും ഇറങ്ങിയെന്നത് ശരിയല്ല. പ്രത്യുത മദീനയിൽ ഈ ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നബി(സ)തിരുമേനി ഈ ആയത്ത് മറുപടിയിൽ ഓതിയിട്ടുണ്ടാകും. ഈ സംഭവത്തെ ഏതോ നിവേദകൻ വിവരിച്ചു. ഈ ചോദ്യത്തിനുള്ള മറുപടിയിൽ ഈ ആയത്ത് മദീനയിലിറങ്ങിയതാണെന്ന് പിന്നീടു വന്ന നിവേദകരിലാരോ മനസ്സിലാക്കിയിട്ടുണ്ടാകും. (തഫ്സീർ കബീർ വാള്യം 4, പേജ് 380, പ്രസാധനം 2010 ഖാദിയാൻ)

**ദുആ ഔഷധമാണ്**

താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽ നിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ

(പേജ് 6 ൽനിന്ന്)

ഹോദരിസഹോദരന്മാർ ഞങ്ങളുടെ ഉമ്മയെ ചെറുപ്പ കാലം മുതൽത്തന്നെ എപ്പോഴും നമസ്കാരത്തിലും തിലാവത്തിലും കൃത്യത പാലിക്കുന്നത് കണ്ടിട്ടുണ്ട്. കൃത്യമായി ചന്ദ കൊടുക്കുന്നതും ഓൻഅ കാണുന്നതും അവരുടെ ശീലമായിരുന്നു. ജമാഅത്തിന്റെ സാമ്പത്തികാഹ്വാനങ്ങളിൽ പങ്കെടുക്കുമായിരുന്നു. തഹ്‌രീക്കെ ജദീദിന്റെ ആദ്യ ലെഡ്ജറിലുള്ള ചന്ദ ദായകയായിരുന്നു. 1971-ൽ ഇൻഡോ പാക് യുദ്ധമുണ്ടായപ്പോൾ അവരുടെ ഭർത്താവ് ബ്രിഗേഡിയർ ളിയാഉദ്ദീൻ സാഹിബ് കിഴക്കൻ പാകിസ്താൻ അതായത് ബംഗ്ലാദേശിലായിരുന്നു. അവിടെ ഒരു നീണ്ടകാലം കഴിച്ചു കൂട്ടിയിരുന്നു. പീർ ദബീർ പറയുന്നു: എന്റെ ഉമ്മയും ചെറിയ സഹോദരിയും അവിടെത്തന്നെയായിരുന്നു. കുറച്ചുകാലത്തിനു ശേഷം പിതാവ്, മാതാവിനേയും അനുജത്തിയേയും പറഞ്ഞയച്ചു. മാതാവ് ഏറെ അസ്വസ്ഥയായിരുന്നു. പക്ഷേ, ഒരിക്കലും അവർ തന്റെ അസ്വസ്ഥത കുട്ടികൾക്കു മുന്നിൽ വെളിപ്പെടുത്തിയിരുന്നില്ല. മറിച്ച് എപ്പോഴും ആത്മവിശ്വാസം നൽകിക്കൊണ്ടിരുന്നു. തുടർന്ന് ആറു മാസത്തിനുശേഷം ബ്രിഗേഡിയർ സാഹിബും അവിടെ നിന്ന് തിരിച്ചുവന്നു. ഉമ്മ ഞങ്ങളോട് ഈദിന്റെ അവസരത്തിൽ പാവപ്പെട്ടവരെ സഹായിക്കാനും അവർക്ക് ഈദി കൊടുക്കാനും എപ്പോഴും ഉപദേശിക്കുമായിരുന്നു. ഹ്യൂമാനിറ്റി ഫസ്റ്റിനുവേണ്ടി വർഷത്തിൽ രണ്ടു തവണ വലിയ തുക അയച്ചു കൊടുക്കുമായിരുന്നു. ഇതേക്കുറിച്ച് ഡോക്ടർ നൂരി സാഹിബും അനുസ്മരിച്ചിട്ടുണ്ട്., കിണറുകൾക്കും കുഴൽക്കിണറുകൾക്കും കുട്ടികളുടെ പഠനത്തിനും പാവപ്പെട്ടവരുടെ ഭക്ഷണത്തിനും സംവിധാനം ചെയ്യുന്നതിനുവേണ്ടി സഹായം നൽകുമായിരുന്നു. അവരുടെ മകൾ അമത്തുൽ കബീർ ത്വൽഅത്ത് പറയുന്നു: ഉമ്മ ഉച്ചത്തിൽ തിലാവത്ത് ചെയ്യുമായിരുന്നു. പരദൂഷണം പറയുമായിരുന്നില്ല. മറ്റുള്ളവരെയും വിലക്കുമായിരുന്നു. ഖിലാഫത്തുമായി വിശ്വസ്ത ബന്ധമായിരുന്നു. കൃത്യമായി ാമേ കണ്ടിരുന്നു. ഖുത്ബ കേട്ടിരുന്നു.എല്ലാസമയത്തും ഞങ്ങളോടു ജമാഅത്തിന്റെ പുസ്തകങ്ങൾ വായിക്കുന്നതിന്റെ പ്രയോജനത്തെ കുറിച്ച് ഉപദേശിച്ചിരുന്നു. അവർക്കും വായനയിൽ വലിയ താൽപര്യമായിരുന്നു. അവർ വായിച്ചുകൊണ്ടിരുന്ന പുസ്തകങ്ങൾ എപ്പോഴും തലയണക്കരികിലുണ്ടാകുമായിരുന്നു. എല്ലാവരോടും അടുത്തുപെരുമാറുന്ന പ്രകൃതമായിരുന്നു. അവരുടെ ദൗഹിത്രി പറയുന്നു: ഞങ്ങൾ ഖുർആനിലെ ഏതെങ്കിലും പുതിയ സൂറത്ത് മനഃപാഠമാക്കിയാൽ ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഞങ്ങൾക്ക് സമ്മാനം നൽകുമായിരുന്നു. ഫജ്ർ നമസ്കാരത്തിനുശേഷം സ്ഥിരമായി നീണ്ട തസ്ബീഹും ദുആകളും ചെയ്യുന്നത് എനിക്ക് ഓർമയുണ്ട്. എന്നെയും ഉപദേശിക്കുമായിരുന്നു. രാവിലെ തയ്യാറായതിനുശേഷം തഫ്സീർ ഖുർആൻ വായിച്ചിരുന്നു. ഹദീഖത്തുസ്സാലിഹീനും റൂഹാനി ഖസാഇനും വായിച്ചിരുന്നു. അതിനുശേഷമേ പ്രാതൽ കഴിച്ചിരുന്നുള്ളൂ. അല്ലാഹു പരേതയോട് പൊറുമയോടെയും കരുണയോടെയും പെരുമാറുകയും സ്ഥാനങ്ങൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. അവരുടെ നന്മകൾ അവരുടെ മക്കളിലൂടെയും നിലനിറുത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം ഥാഖിബ് കാംറാൻ സാഹിബിന്റേതാണ്. അദ്ദേഹം വാഖ്ഫെ സിന്ദഗിയും ഓഡിയോ വിഡിയോ നാഇബ് വക്കീലുമായിരുന്നു. 42-ാമത്തെ വയസ്സിൽ വഫാത്തായി. ഡോക്ടർമാരുടെ അഭിപ്രായത്തിൽ ഫുഡ് പോയിസൻ ആണ് കാരണം. അദ്ദേഹത്തിനുണ്ടായ മറ്റൊരു ട്രാജഡിയെന്തെന്നാൽ അദ്ദേഹത്തിന്റെ മരണത്തിന് ഏറെക്കുറെ 45 മിനുറ്റ് മുമ്പേ അദ്ദേഹത്തിന്റെ മകൻ ആരിബ് കാംറാനും ഇതേ ഭക്ഷണം കഴിച്ച കാരണത്താൽ മരണപ്പെടുകയുണ്ടായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഥാഖിബ് കാംറാൻ സാഹിബിന്റെ പ്രപിതാമഹൻ ഹദ്റത്ത് ചൗദരി മൗലാ ബഖ്ശ് സാഹിബ് ഗുരുദാസ്പൂർ ജില്ലയിലെ തൽവണ്ടി ജമുനാൻ നാട്ടുകാരനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ബയ്അത്ത് ചെയ്തു. കാംറാൻ സാഹിബ് വഖ്ഫുചെയ്ത് ജാമിഅ അഹ്മദിയ്യയിൽ ചേർന്നു. പിന്നെ അവിടെനിന്ന് പാസായതിനുശേഷം വിവിധ സ്ഥലങ്ങളിൽ നിയമിക്കപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന് ഒരു മകളെയും രണ്ടു ആൺമക്കളെയും നൽകി അനുഗ്രഹിച്ചു. റൗമീസ കാശിഫാക്ക് 17 വയസ്സാണ്. ഗാലിബ് കാംറാൻ 13 വയസ്സാണ്. മൂന്നാമത്തെ മകൻ അദ്ദേഹത്തോടൊപ്പംതന്നെ വഫാത്തായി. മുഴുവൻ കുടുംബവും രോഗികളായിട്ടുണ്ടായിരുന്നു. ബാക്കിയുള്ളവരെ അല്ലാഹു രക്ഷപ്പെടുത്തി.

ജാമിഅ പാസായതിനുശേഷം ഇസ്‌ലാഹ് വ ഇർശാദ് മഖാമി ഓഫീസിനു കീഴിൽ നിയമിക്കപ്പെട്ടു. പിന്നീട് ഹദീഥിൽ സ്പെഷ്യലൈസ് ചെയ്യുന്നതിന് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. അതിനശേഷം തഹ്‌രീക് ജദീദ് വക്കാലത്തു തഅ്ലീമിന് കീഴിൽ അറബി ഭാഷയിൽ ഉന്നതപഠനത്തിന് സിറിയയിലേക്ക് അയച്ചെങ്കിലും അവിടെയുള്ള സാഹചര്യങ്ങളുടെയോ മറ്റോ കാരണത്താൽ തിരിച്ചു വരികയുണ്ടായി. തുടർന്ന് 2015 ഡിസംബറിൽ തഹ്‌രീക്കെജദീദ് സ്റ്റുഡിയോ ആരംഭിച്ചപ്പോൾ അദ്ദേഹത്തെ ഓഡിയോ വീഡിയോ സെക്ഷന്റെ നാഇബ് വക്കീലായി നിയമിച്ചു. മരണംവരെയും ഈ തസ്തികയിൽ സേവനം ചെയ്തുകൊണ്ടിരുന്നു. പതിനെട്ടുവർഷം അദ്ദേഹത്തിന് സേവനം ചെയ്യുന്നതിനുള്ള സൗഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന്റെ മാതാവ് സ്വാദിഖ ബേഗം സാഹിബ പറയുന്നു: കാംറാൻ വഖ്ഫെ നൗ ആഹ്വാനത്തിന് മുമ്പേയാണ് ജനിച്ചത്. അവർ ഖലീഫത്തുൽ മസീഹ് റാബിഅ്നു മുന്നിൽ തന്റെ ചെറിയ മകനെയും വഖ്ഫ് നൗവിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷിച്ചപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അവരുടെ അപേക്ഷ സ്വീകരിക്കുകയും അതിലുൾപ്പെടുത്തുകയും ചെയ്തു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: വളരെ സ്നേഹമുള്ള വ്യക്തിയായിരുന്നു. വാക്കുകൾകൊണ്ട് വിവരിക്കാൻ സാധ്യമല്ല. നമസ്കാരത്തെ കുറിച്ച് ഏതുസമയത്തും ചിന്താകുലനായിരുന്നു. ഖിലാഫത്തിനെ അകൈതവമായി സ്നേഹിക്കുന്നയാളും ജമാഅത്തി അമാനത്തുകളെ സംരക്ഷിക്കുന്നയാളും എല്ലാ നിലയ്ക്കും കുടുംബബന്ധങ്ങളിൽ ആത്മാർഥമായ സ്നേഹമുള്ളയാളും എല്ലാവരെയും പരിഗണിക്കുന്നയാളും ജമാഅത്തിലെ ഓരോ വ്യക്തിയെയും പരിഗണിച്ചിരുന്നയാളുമായിരുന്നു. തന്റെ മക്കൾക്ക് നല്ല ശിക്ഷണം നൽകാൻ ശ്രമിച്ചിരുന്നു.

അദ്ദേഹത്തിന്റെ മാതാവ് എഴുതുന്നു: മാതാപിതാക്കളോട് 'ഛെ' എന്നുപോലും പറയരുതെന്ന വിശുദ്ധ ഖുർആനിന്റെ കല്പനയെ പ്രാവർത്തികമാക്കുകയും ഒരിക്കലും ഉച്ചത്തിൽ സംസാരിക്കുകയും ചെയ്തിരുന്നില്ല. മറ്റുള്ളവരുടെ രഹസ്യങ്ങളും ഓഫിസ് രഹസ്യങ്ങളും സൂക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: പുറത്തുനിന്ന് കേൾക്കുന്ന കാര്യങ്ങൾ ഞങ്ങൾ അദ്ദേഹത്തോട് ചോദിക്കുമ്പോൾ അത് അമാനത്താണെന്നും നിന്നോടു പറയാൻ പറ്റില്ലെന്നും പറയുമായിരുന്നു. നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്നതിൽ നല്ല ശ്രദ്ധയുണ്ടായിരുന്നു. മക്കളെയും അക്കാര്യത്തിൽ ഉപദേശിച്ചിരുന്നു. വീട്ടിൽ കുട്ടികളെയും ഭാര്യയെയും ശ്രദ്ധിക്കാനും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനും എപ്പോഴും ശ്രമിച്ചിരുന്നു. എല്ലാ ബന്ധുക്കളോടും കൂറോടുകൂടിയ ബന്ധമായിരുന്നു.

അദ്ദേഹത്തിന്റെ മകൾ റൂമിയ പറയുന്നു. എന്റെ ഉപ്പ വളരെ വിനയനും നന്മയുള്ളയാളും സാധു സംരക്ഷകനും ദീർഘദർശിയും അനുസരണമുള്ളയാളും തഹജ്ജുദ് നമസ്കരിച്ചിരുന്ന വ്യക്തിയുമാ യിരുന്നു. തർബിയത്ത് ചെയ്യുന്നത് വളരെ കൗതുകരമായ രീതിയിലായിരുന്നു. തന്റെ കണ്ണുകളുടെ ആംഗ്യത്തിലൂടെ കാര്യങ്ങൾ മനസ്സിലാക്കിത്തരുമായിരുന്നു. എപ്പോഴും നല്ല തർബിയത്ത് ചെയ്യുന്ന കാര്യത്തിൽ ശുഷ്കാന്തി കാണിച്ചിരുന്നു. നിങ്ങൾ വഖ്ഫ് നൗ ആണ്. അതുകൊണ്ട് ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക എന്ന് എപ്പോഴും പറയുമായിരുന്നു. ഒരുപാട് കാര്യങ്ങൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചിരുന്നു. എന്തുതന്നെ അവസ്ഥയാണെങ്കിലും ഒരിക്കലും അസ്വസ്ഥനാകാതെ മറുപടി നൽകിയിരുന്നു.

മുറബ്ബി സിൽസില റൗഹാൻ അഹ്മദ് സാഹിബ്-ഇപ്പോൾ ഇദ്ദേഹം അസീർ രാഹേ മൗലായാണ്- പറയുന്നു: എനിക്ക് അദ്ദേഹത്തിന്റെ ശിക്ഷണത്തിലും അദ്ദേഹത്തിന് കീഴിലും നീണ്ടകാലം സേവനംചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. എപ്പോഴും ഒരു വാത്സല്യമുള്ള സുഹൃത്തിനോടെന്നപോലെ എനിക്കു മാർഗദർശനം നൽകിയിരുന്നു. അദ്ദേഹം സൗമ്യ സ്വാഭാവിയും നല്ല വ്യക്തിത്വത്തിനുടമയും നല്ല നേതൃ ശേഷിയുള്ള ആളുമായിരുന്നു. ആത്മാർഥതയുള്ള സേവകനായിരുന്നു. അദ്ദേഹത്തിന്റെ ദാന ധർമവും സഹാനുഭൂതിയും അനുപമമായിരുന്നു.

ദൈവമാർഗത്തിൽ ജയിലിൽ കഴിയുന്നവർക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എത്രയും വേഗം അവരുടെ മോചനത്തിന് സാഹചര്യ

## • കലാമുൽ ഇമാം: •

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

## • അല്ലാഹുവിന്റെ കലാം: •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732



ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

**MANAGER**
**Sheik Mujahid**

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

badarmalayalam@gmail.com

POSTAL REG NO GDP-44/2023-2025 Vol-8 Thursday 14 September2023 Issue-37

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

മൊരുക്കുമാറാകട്ടെ. പരേതനോട് അല്ലാഹു കാരുണ്യത്തോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ. പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾക്കും ബന്ധുക്കൾക്കും മക്കൾക്കും ഭാര്യക്കും മാതാവിനും ക്ഷമയും സ്ഥൈര്യവും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ കഴിയുമാറാകട്ടെ.

അടുത്ത അനുസ്മരണം ബെനിനിലെ പ്രൊഫസ്സർ ഡോക്ടർ മുഹമ്മദ് ഇസ്ഹാഖ് ദാവൂദ് കോത്തോട്ടോ സാഹിബിന്റേതാണ്. അദ്ദേഹവും കഴിഞ്ഞ ദിവസം അറുപതാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം ബെനിനിലുള്ള ദാവൂദാ കുടുംബത്തിൽപ്പെട്ടയാളാണ്. ഈ കുടുംബത്തിലെ ആളുകളാണ് ആദ്യമായി ബെനിനിൽ അഹ്മദിയ്യത്ത് സ്വീകരിച്ചത്. ബെനിനിലെ ആദ്യത്തെ അഹ്മദി ദിക്റുല്ലാഹ് ദാവൂദ് സാഹിബ് ഇദ്ദേഹത്തിന്റെ പിതാവിന്റെ ജ്യേഷ്ഠനായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് ഈസാ ദാവൂദ് മർഹൂം മരണംവരെയും ബെനിനിൽ നാഷണൽ നാഇബ് അമീറായിരുന്നു. 1980-ൽ അദ്ദേഹം വിദ്യാർഥിയായിരിക്കുമ്പോൾ ദിക്റുല്ലാഹ് ദാവൂദ് സാഹിബിന്റെ തബ്ലീഗ് മുഖേനയാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനു ശേഷം തന്റെ മൂത്താപ്പയോടൊപ്പം മാതാപിതാക്കൾക്ക് തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു. കുറച്ചു കാലത്തിനുശേഷം അവരുടെ തബ്ലീഗിന്റെ ഫലമായി മാതാപിതാക്കൾ അഹ്മദികളായി. 2022-ൽ സെനഗൽ യൂണിവേഴ്സിറ്റിയിൽനിന്ന് സുവോളജിയിൽ(Zoology)PhD കരസ്ഥമാക്കിയതിനുശേഷം തിരിച്ചുവന്ന് ബെനിനിൽ മൊറോക്കോ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി നിയമിതനായി. അദ്ദേഹത്തിന്റെ യോഗ്യത കാരണം നിരവധി ദേശീയ അന്തർദേശീയ കോൺഫ്രൻസുകളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. നീണ്ട കാലം ബെനിനിൽ സ്വദ്ർ മജ്‌ലിസ് ഖുദാമുൽ അഹ്മദിയ്യാ ആയിട്ടും സേവനം ചെയ്തിട്ടുണ്ട്. വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ അദ്ദേഹം വസിയ്യത്ത് ചെയ്തിരുന്നു. ഇങ്ങനെ ബെനിനിലെ അഹ്മദികളിൽ തുടക്കത്തിലേ എന്നല്ല ഏറ്റവുമാദ്യത്തെ മൂസിയാകാനുള്ള സൗഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ റയ്ഹാന ദാവൂദ് സാഹിബ ഇപ്പോൾ ലജ്ന നാഷണൽ തർബിയ്യത്ത് സെക്രട്ടറിയാണ്. അവർ പറയുന്നു: ഞാൻ വിവാഹത്തിനുശേഷം ഭർത്താവിന്റെ തബ്ലീഗ് മുഖേനയാണ് അഹ്മദിയായത്. അദ്ദേഹം എനിക്ക് യസ്സർനൽ ഖുർആനും പിന്നീട് വിശുദ്ധ ഖുർആനും പഠിപ്പിച്ചു തന്നു. വളരെ ശുദ്ധപ്രകൃതനും മനുഷ്യകുലത്തോട് സഹാനുഭൂതിയുള്ളയാളും സാധുസംരക്ഷകനുമാ യിരുന്നു. ജമാഅത്തുപരമായ സേവനങ്ങൾക്ക് എപ്പോഴും തയ്യാറായിരുന്നു. കൃത്യമായി തഹജ്ജുദ് അനുഷ്ഠിച്ചിരുന്നു. എന്നേയും അതു സംബന്ധമായി ഉപദേശിച്ചിരുന്നു. വിശുദ്ധ ഖുർആൻ വീട്ടിൽ പാരായണം ചെയ്യണമെന്നും അങ്ങനെ വീട്ടിൽ അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങുമാറാകട്ടെയെന്നും പറയുമായിരുന്നു.

അദ്ദേഹം യൂനിവേഴ്സിറ്റിയിൽ ഡെപ്യൂട്ടി ഡീൻ എന്ന നിലയിൽ നിയമിക്കപെട്ടപ്പോൾ ഒരു ദിവസം ഒരു സ്ത്രീ കരഞ്ഞുകൊണ്ടുവന്നു പറഞ്ഞു: എന്റെ മകൾ തോറ്റുകൊണ്ടിരിക്കുന്നു. അവളെ പാസാക്കണം. അവൾ പാസായില്ലെങ്കിൽ എന്റെ ഭർത്താവ് ഫീസും നൽകുന്നതല്ല. മർദിക്കുകയും ചെയ്യും. ഒരു വലിയ തുകയുമായാണ് അവർ വന്നത്. അപ്പോൾ അദ്ദേഹം പറഞ്ഞു: പണം കൊടുത്ത് പാസാക്കാനാ ണെങ്കിൽ ദരിദ്രർക്കൊരിക്കലും പാസാകാൻ കഴിയില്ലല്ലോ? നിങ്ങൾ കൊണ്ടുവന്ന ഈ പണം ഞാൻ അഹ്മദിയായതുകൊണ്ട് എനിക്ക് കൈക്കൂലി വാങ്ങാൻ കഴിയില്ല, നിങ്ങൾതന്നെ ഇതു കൈയിൽ വെക്കുക. ഇതുകൊണ്ട് കുട്ടിയുടെ ഫീസ് കൊടുക്കുക. ഇനി കുറവുണ്ടെങ്കിൽ ഞാൻ നിങ്ങൾക്ക് ഫീസിന്റെ ബാക്കി തരാം. പക്ഷേ, കൈക്കൂലി വാങ്ങി പാസാക്കാൻ കഴിയില്ല. ഏതായിരുന്നാലും ആ സ്ത്രീ ആ പണക്കിഴി അവിടെ ഇട്ടിട്ടുപോയി. ആ പണം അവിടെ കിടക്കുന്നത് അദ്ദേഹത്തിന്റെ ഭാര്യയാണ് കാണിച്ചുകൊടുത്തത്. അദ്ദേഹം അതുമെടുത്ത് അക്കൗണ്ടന്റിന്റെ അടുക്കൽ കൊണ്ടുപോയി. ആ സ്ത്രീയോടു തന്റെ വീടു പറഞ്ഞുതന്നതാരാണെന്ന് അദ്ദേഹം ചോദിച്ചു. നിങ്ങൾക്കെന്നെ അറിയുകപോലുമില്ലല്ലോ. അദ്ദേഹംപറഞ്ഞു നിങ്ങൾക്കെന്റെ വീട് അറിയില്ലല്ലോ. അവർ പറഞ്ഞു യൂണിവേഴ്സിറ്റിയിലെ അക്കൗണ്ടന്റാണ് എനിക്ക് വീടു പറഞ്ഞു തന്നത്. എന്തായിരുന്നാലും അക്കൗണ്ടന്റിന് ഈ പണം കൊടുത്തിട്ട് ആ സ്ത്രീക്ക് കൊടുക്കാൻ പറഞ്ഞു. അങ്ങനെ യുണിയവേഴ്സിറ്റി മീറ്റിംഗ് വിളിച്ചു. അവിടെ പ്രൊഫസ്സസർമാരെല്ലാവരും ഒത്തുകൂടി. അവിടെയുള്ള കാര്യങ്ങളും ചർച്ച ചെയ്യപ്പെട്ടു. അവർ പറഞ്ഞു: ആ സ്ത്രീ മൂന്നു ലക്ഷം ഫ്രാങ്കായിരുന്നു കൊണ്ടുവന്നത്. എന്നാൽ, ഇതിൽ ഒന്നര ലക്ഷമേയുള്ളു. ഏതായിരുന്നാലും അതിൽനിന്ന് അക്കൗണ്ടന്റ് കൈവശപ്പെടുത്തിയിട്ടുണ്ടകും. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ എതിരാളികൾ അദ്ദേഹത്തെ ഡെപ്യൂട്ടി ഡീനിന്റെ പദവിയിൽനിന്ന് പുറത്താക്കുന്നതിന് വേണ്ടി കൈക്കൂലിയുടെ ആരോപണം ഉന്നയിച്ചു. പക്ഷേ, അവർക്ക് അതിൽ വിജയിക്കാൻ കഴിഞ്ഞില്ല. യൂണിവേഴ്സിറ്റിക്കാരും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന മറ്റാളുകളും പിന്നീട് അദ്ദേഹം വളരെ വിശ്വസ്തനായിരുന്നുവെന്ന് ഉറക്കെ പറയുകയുണ്ടായി. അദ്ദേഹം എപ്പോഴും തന്റെ പ്രദേശത്തുള്ള ദരിദ്രരായ വിധവകളെ ശ്രദ്ധിക്കുമായിരുന്നു. പലരുടെയും വീടുകൾ നന്നാക്കി കൊടുത്തിരുന്നു. കുട്ടികളോടു സ്നേഹപൂർവ്വം വർത്തിച്ചിരുന്നു. എല്ലാ അംഗങ്ങളെയും സ്നേഹിച്ചിരുന്നു. മരണപ്പെട്ടപ്പോൾ യൂണിവേഴ്സിറ്റിയിലെ AGRICULTURE വിഭാഗത്തിലെ നിരവധി പ്രൊഫസർമാർ വന്നിരുന്നു. ഈ വകുപ്പിലെ ഇൻചാർജ് പ്രൊഫസ്സർ ഡോക്ടർ ഇബ്റാഹീം സാഹിബ് പറയുന്നു:പരേതൻ വളരെയേറെ വിനയാന്വിതനും വിശ്വസ്തനുമായ ആളായിരുന്നു. യൂണിവേഴ്സിറ്റിയിൽ പപ്പാ ബോൻഹർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇതൊരു ഫ്രഞ്ച് പദമാണ്. ഇതിന്റെ അർഥം എല്ലാവർക്കും അനുഗ്രഹം നൽകുന്നവൻ എന്നാണ്. ആവശ്യക്കാർക്ക് എന്താണോ പോക്കറ്റിലുള്ളത് അത് കൊടുത്തു സഹായിക്കുമായിരുന്നു. ആരെയും വെറും കൈയോടെ വിടുമായിരുന്നില്ല. അല്ലാഹുവിൽ വളരെയേറെ തവക്കുൽ ചെയ്യുമായിരുന്നു.

ഇസ്ഹാഖ് ദാവൂദ് സാഹിബ് നബി(സ)തിരുമേനിയേയും മസീഹ് മൗഊദ്(അ)നേയും ഖിലാഫത്തിനേയും അളവറ്റു സ്നേഹിച്ചിരുന്നു. നബി(സ)തിരുമേനിയോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ അദ്ദേഹം ഇങ്ങനെ ദുആ ചെയ്തിരുന്നു, അല്ലാഹുവേ നബി(സ)തിരുമേനിക്കു 63 വയസ്സാണുണ്ടായിരുന്നത്. എനിക്ക് അതിനെക്കാളും ആയുസ്സ് നൽകരുതേ! ഫ്രാൻസിൽ ഹാർട്ട് സർജറിക്ക് പോയിരുന്നു. ഹൃദ്രോഗിയായിരുന്നു. . അദ്ദേഹം കൈയിൽ അലയസല്ലാഹ് എന്ന മോതിരം അണിഞ്ഞിരുന്നു. ഡോക്ടർ അത് അഴിക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ഈ മോതിരം അഴിക്കരുത്. ഇത് മരണംവരെയും എന്നോടൊപ്പമുണ്ടാകും. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അതു ഞാനെപ്പോഴും ഓർക്കുന്നു.

ഇവിടുത്തെ ഖാഇംമഖാം അമീറും മുബല്ലിഗ് ഇൻചാർജുമായ മിയാ ഖമർ സാഹിബ് പറയുന്നു: ഞാൻ പറോക്കോയിൽ റീജ്യണൽ മുബല്ലിഗായിരുന്നപ്പോൾ അദ്ദേഹം ശമ്പളം കിട്ടിയ ഉടൻതന്നെ തന്റെ വസിയ്യത്തും മറ്റു ചന്ദകളും ഒരു കവറിലിട്ട് ഏറ്റവുമാദ്യം മസ്ജിദിൽ വന്നു തന്റെ രസീതു മുറിക്കുക എന്നു പറയുമായിരുന്നു. എപ്പോഴും പുഞ്ചിരിക്കുന്ന മുഖമായിരുന്നു. എല്ലാ പ്രയാസത്തിലും ബുദ്ധിമുട്ടിലും അദ്ദേഹം ഇങ്ങനെ പറയുമായിരുന്നു, 'ഞാൻ ദുആ ചെയ്യുന്നുണ്ട്. കാലത്തിന്റെ ഖലീഫക്കും ദുആക്ക് എഴുതുന്നുണ്ട്. അല്ലാഹു എളുപ്പമുണ്ടാക്കിത്തരുന്നതാണ്.'

സന്തപ്ത കുടുംബത്തിൽ ഭാര്യയെക്കൂടാതെ രണ്ടു പെൺമക്കളും രണ്ടു ആൺമക്കളുമുണ്ട്. മൂത്ത മകൾ മുഖ്സത്വ ദാവൂദാ AGRICULTUREൽ PhD ചെയ്തു കൊണ്ടിരിക്കുന്നു. രണ്ടു ആൺമക്കളും റഖീബ് ദാവൂദയും മസ്റൂർ ദാവൂദയും കമ്പ്യൂട്ടർ കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു ഈ കുട്ടികൾക്കും പിതാവിന്റെ കാലടികൾ പിന്തുടരാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു പരേതനോട് പൊറുമയോടും കരുണയോടും പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. നമസ്കാരത്തിനുശേഷം ജനാസ ഉണ്ടായിരിക്കുന്നതാണ്. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി, ഡി.ടി.പി: പി.എം.വസീം അഹ്മദ് ചേലക്കര)

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.
അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin